
# ഉദയം

Vol. 1

1948
ഫെബ്രുവരി
14-ാംനു-
ശനിയാഴ്ച

No. 11



PRICE 3 ANNAS

ചിത്രവാരിക

UDAYAM MALAYALAM ILLUSTRATED WEEKLY

# WANTED

An efficient and Experienced Editor for
a First Class Anglo-Vernacular
Illustrated Weekly

★

**Apply Stating qualification experience & minimum Salary to**

**POST BOX No. 72.**
MATTANCHERRY. COCHIN.


## വിഷയ വിവരം


| | | പേജ് |
|---|---|---|
| 1. | അശ്രുപൂജ (കവിത) — പാല ഗോപാലൻ നായർ ബി. എ. | 3 |
| 2. | ദിവ്യദർശന കവനങ്ങൾ (ചെറുകഥ) — കെ. എം. വറുഗീസ്സ് ബി. എ. എൽ. റ്റി. | 4 |
| 3. | കേരളഗാനം (കവിത) കെ. കരുണാകരക്കുറുപ്പ്, കൂറൂർ | 7 |
| 4. | ആദർശം (ചെറുകഥ) — പി. ജെ. ആന്റണി | 8 |
| 5. | വിശ്വവിഖ്യാതമായ ഒരു യോഗാത്മക കാവ്യം കെ. എം. ഡാനിയേൽ എം. എ. | 12 |
| 6. | പത്രാധിപക്കുറിപ്പുകൾ | 15 |
| 7. | രാഷ്ട്രീയ പ്രസംഗങ്ങളിൽ വ്യക്തിവിദ്വേഷമോ? — കെ. വി. സക്കറിയാ | 16 |
| 8. | ദേവദാസ് ഗാന്ധിയുടെ ഹൃദയസ്പൃക്കായ അഭ്യർത്ഥന | 17 |
| 9. | ഒരു പാഠം (ചെറുകഥ)—ചിങ്ങമ്പറമ്പിൽ തോമസ് ജോസഫ് ബി.എ.എൽ.റ്റി. | 22 |
| 10. | വാർത്താസംഗ്രഹം. ചിരിയും ചിന്തയും. | 24 |
| 11. | Sales Tax and Cochin Trade — K. Bhagyanathan, M. A. | 25 |

# അശ്രുപൂജ

പാലാ ഗോപാലൻനായർ ബി. എ.

ദേവ ! നീ വിണ്ണിൽ വെളിച്ചവുമായ്
ഈ വനഭുവിൽ നടന്നാലഞ്ഞു
അന്ധകാരത്തിൻ കരാളഹസ്തം
ഹന്ത ! നിന്മേലും നിറയൊഴിച്ചു !
രണ്ടായിരത്താണ്ടു കാത്തിരുന്നോ
മണ്ണിന്നു നിന്നെ ലഭിച്ചതുള്ള
മുഗ്ദ്ധവിശുദ്ധമാം നിൻ ശിരസ്സിൽ
മുൾക്കിരീടം വീണ്ടുമേററിവച്ചു !!

*     *     *

രാജഘട്ടം!— ഹാ! പുളകമേൽക്കാ-
താശബ്ദമെങ്ങനെയുച്ചരിക്കും
വിശ്വം ജയിച്ചോരസ്നേഹവായ്പിൻ
വിശ്രമമണ്ഡപമാണവിടം
ജീവകാരുണ്യം നിറഞ്ഞൊഴുകും
പാവനതീർത്ഥമാരാജഘട്ടം
ത്യാഗ സുരഭിലം ശാന്തിപൂർണ്ണം
യാഗസന്മണ്ഡപം രാജഘട്ടം
സത്യസൗന്ദര്യവിശുദ്ധികൾതൻ
നിത്യവാസസ്ഥാനമാണവിടം
നിസ്തുലമാകുമഹിംസവാഴ—
മുദ്യാനമണ്ഡപമാണവിടം !

*     *     *

ആ യമുനാതട സൈകതങ്ങൾ
ആരാധനീയങ്ങളായി വീണ്ടും
അങ്ങതാകേൾക്കുന്നു വീണ്ടുമാന
ന്മംഗളമഞ്ജുളവേണുഗാനം!

*     *     *

കണ്ണീർക്കണങ്ങളേ നിൽക്കു, സത്യ-
ധർമ്മൈകവീരന്റെ ശിഷ്യർ ഞങ്ങൾ
ശോകമേ, കർമ്മപ്രബുദ്ധർ ഞങ്ങൾ
മൂകരായ് നിൽക്കില്ല നിന്റെ മുമ്പിൽ !

*     *     *

രാജഘട്ടത്തെ ച്ചിതയിൽനിന്നും
രാജിച്ചുയരുമപ്പൊൻ വെളിച്ചം
അന്ധകാരത്തെത്തുരത്തി വീണ്ടും
ബന്ധുരമാക്കട്ടെ ഭാരതത്തെ !!!

# ദിവ്യദൎശന കവനങ്ങൾ

(കെ. എം. വറുഗിസ് ബി. എ. എൽ. ററി.)

കാവ്യ പ്രപഞ്ചത്തിലേക്കു കടക്കുന്ന ഒരു സഹൃദയന്ന്, അനേകം വികാരസത്യങ്ങൾ അനുഭവഗോചരമാകും. നിയതികൃത നിയമങ്ങൾക്ക് അതീതമാണ് അവ ഓരോന്നും. ആ പ്രപഞ്ചം ഒരു ചിത്രശാലയാണ്. പ്രകൃതിയിൽനിന്ന് പകൎത്തിയെടുത്തിട്ടുള്ള ചിത്രങ്ങൾ അവിടെ പ്രദൎശിപ്പിക്കുന്നു. അവ കേവല ചിത്രങ്ങളല്ല. അവയ്ക്കുചുററും ഏതൊ പരമരഹസ്യത്തിന്റെ പരിവേഷങ്ങൾ തെളിഞ്ഞുനില്ക്കുന്നതു കാണാം. അവിടത്തെ ചിലന്തി നൂലുപോലും വീണക്കമ്പികൾപോലെ സംഗീതമുതിൎക്കുന്നു. ദിനരാത്രങ്ങൾ ചിറകു വിരുത്തിപ്പറക്കുന്നു; കാലത്തിന്റെ നീരാഴിയിൽ വാടിത്തളൎന്നുവീണ് മറയുന്നു. നല്ല കിനാവുകൾ കണ്ടുചിരിക്കുന്ന താരും താരവും ആ പ്രപഞ്ചത്തിലുണ്ട്. പ്രകൃതിയുടെ നെടുവീൎപ്പിൽ നിന്നും ജന്മമെടുത്ത തെന്നൽ, പൂക്കൾക്കു ചുററും പ്രേമഗാനം പാടിക്കൊണ്ട് സഞ്ചരിക്കുന്ന കാഴ്ച അവിടെ ദുൎല്ലഭമല്ല. ഇരുളും വെളിച്ചവും തമ്മിൽ കെട്ടിത്തഴുകുന്നു; അതു കണ്ടുനില്ക്കുന്ന ചക്രവാളപ്രാന്തങ്ങൾക്ക് മുഖം തുടുക്കുന്നു. ആ ദിവ്യ പ്രപഞ്ചത്തിലെ വെണ്മേഘങ്ങൾ, വിൺഗംഗയിൽ തീൎത്ഥമാടി, തൂവെള്ളപ്പുടവയും അണിഞ്ഞു, വിഷ്ണുപദത്തിലെത്തിക്കൂടുന്ന യോഗിനിമാരാണ്. അവിടത്തെ കളകണ്ഠങ്ങളുടെ കോമളകണ്ഠങ്ങളിൽ വിപഞ്ചികാതന്ത്രികൾ സംഘടിപ്പിച്ചിട്ടുണ്ട്. വസന്താഗമത്തിൽ അക്കമ്പികൾ താനേ സ്ഫുരിച്ചു തുടങ്ങും. അപ്പോൾ ജീവചൈതന്യത്തെ കോരിത്തരിപ്പിക്കുന്ന മധുരസംഗീതം എങ്ങുമെങ്ങും മാറെറാലിക്കൊള്ളുന്നു. അവിടെ സ്ഥൂലപ്രകൃതിയിലെ ഏതൊരു വസ്തുവും ഉണ്ട്. പക്ഷേ അവയുടെ കെട്ടും മട്ടും മാറിയിരിക്കും. മഞ്ചാടിക്കുരു, മാണിക്യഖണ്ഡം; നെല്ലിൻ ചുവട്ടിൽ മുളയ്ക്കുന്ന കാട്ടുപുല്ല്, പൊൽകതിർക്കുലകൾ പൂണുന്ന മരതകച്ചെടികൾ; കീറത്തലയണ, തത്വമീമാംസകൻ; മൂകന്മാർ, വാചസ്പതികൾ—ഹാ! എന്തൊരു മാററം!! അവിടത്തെ മണ്ണിൽ ഉപമാദ്യലങ്കാരങ്ങളും ശൃംഗാരാദിനവരസങ്ങളും വിളയുന്നു. ഇതിനെക്കാളെല്ലാം അത്ഭുതകരം അവിടത്തെ ഒരു നീരാഴിയാണ്. കരുണത്തിന്റെ നീരാഴി! അതിന്റെ അടിത്തട്ട് പരിശുദ്ധഹൃദയങ്ങളുടെ ആൎദ്രത കൊണ്ടാണ് പടുത്തിരിക്കുന്നതു്; അതിൽ കയ്പുള്ള കണ്ണീരില്ല; കണ്ണീരിന്റെ മാധുൎയ്യമാണുള്ളതു്. അദ്ധ്യാത്മചിന്തയുടെ നൈതലാമ്പലുകൾ അതിൽ വിരിഞ്ഞു നിരക്കും. അപ്പൂക്കളുടെ ഉള്ളിൽനിന്നും പൊങ്ങുന്ന പൊൽക്കിനാവുകൾ ആനന്ദത്തിന്റെ സൌരഭ്യമാണ്. പരത്തുന്നതു്– "കൈവല്യമേകാനിതിലൊന്നു പോരും കാതുള്ളവന്നും കരളുള്ളവന്നും."

ഈ ദിവ്യ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് "കവിപ്രജാപതി"യാണ്. ഇവിടെ ഒരു ചോദ്യത്തിന്ന് അവകാശമുണ്ട്. ഈ നിൎമ്മാണത്തിന്ന് അയാളെ പ്രേരിപ്പിക്കുന്നതെന്തു് എന്ന്. ആത്മാവിഷ്കരണത്തിനുള്ള അഭിനിവേശം, എന്നായിരിക്കും. മറുവടി ശൂന്യതയിൽനിന്നും പ്രപഞ്ചത്തെക്കടഞ്ഞെടുക്കുവാൻ ഈശ്വരനുവേണ്ട പ്രേരണ നൽകിയതു് ഈ അഭിനിവേശമാണ്. മനുഷ്യൻ അവന്റെ ജീവിത സന്ധാരണത്തിനുള്ള മാൎഗ്ഗങ്ങൾ തെരയുന്നു. എന്നാൽ ഉണ്ണുക, ഉറങ്ങുക, ഉണ്ടാക്കുക, ഒടുങ്ങുക, എന്നീ നാലുതരം വൃത്തികൾക്കുള്ളിൽ മനുഷ്യജീവിതം ഒതുങ്ങിനില്ക്കുന്നില്ല. മനുഷ്യന്ന് ഒരു ആത്മീയ സത്തകൂടിയുണ്ട്. സത്യം, നന്മ, സൌന്ദൎയ്യം എന്നിവയോടുള്ള മനസ്സിന്റെ ആഭിമുഖ്യത്തെയാണ് ആത്മീയസത്ത എന്ന പദംകൊണ്ട് സാധാരണ വിവക്ഷിക്കുന്നതു്. മനുഷ്യന്റെ മനസ്സ് പ്രജ്ഞാസത്യങ്ങളെ അപഗ്രഥിക്കുകയും ഉദ്ഗ്രഥിക്കുകയും മററും ചെയ്തതുമൂലമുള്ള നേട്ടങ്ങളാണ് ശാസ്ത്രങ്ങൾ. നന്മയോടുള്ള മനസ്സിന്റെ ആഭിമുഖ്യമാണ് മത ധൎമ്മങ്ങളുടെ ഉറവ. സൌന്ദൎയ്യത്തോടുള്ള ഉടപ്പവും അടുപ്പവും ആണ് കലാസമ്പത്തിക്കുള്ള കാരണം. ആലങ്കാരിക ബോധം അഥവാ സൌന്ദൎയ്യാവബോധം മററു രണ്ട് ഘടകങ്ങളെക്കാളും ചിലരിൽ കൂടുതൽ പ്രബുദ്ധമായിരിക്കും. അവരാണ് സഹൃദയന്മാർ, അഥവാ കലാകാരന്മാർ. അവർ ആത്മീയ സംതൃപ്തിക്കുവേണ്ടി പ്രകൃതി വസ്തുക്കളുടെ മൂടുപടം വലിച്ചുനീക്കി ക്ഷണംതോറും നവത്വത്തെ പ്രാപിക്കുന്ന ഗുണവിശേഷത്തെ ആരായുവാൻ—അന്തർമുഖമായും ബഹിർമുഖമായും മനസ്സിനെ വ്യാപരിപ്പിക്കുവാൻ—ശ്രമിക്കുന്നവരാണ്. അത്തരം സന്ദൎഭങ്ങളിൽ അവൎക്ക് ചില പ്രത്യേകാനുഭൂതികൾ ഉണ്ടാകും. ആ അനുഭൂതികളെ വൎണ്ണങ്ങൾ കൊണ്ടോ ശബ്ദങ്ങൾ കൊണ്ടോ, മറെറന്തെങ്കിലും വിധത്തിലോ ആവിഷ്കരിക്കുവാനുള്ള അന്തഃപ്രേരണവും അതോടുകൂടി അവൎക്കുണ്ടാകും. ഈ ആത്മാവിഷ്ക

രണം രമണീയാർത്ഥ പ്രതിപാദകങ്ങളായ ശബ്ദങ്ങൾ മൂലം സാധിക്കുന്നെങ്കിൽ അതു് കവിതയായി.

വികാരത്തിന്റെ വിശുദ്ധ ദേവാലയത്തിൽ വച്ചാണ് കവി സൌന്ദര്യാരാധന നടത്തുന്നതു്. അതിനുള്ളിൽ പ്രവേശിക്കുന്ന ഓരോ വസ്തുവും രൂപഭേദം കൈക്കൊള്ളുന്നു. ചില സന്ദർഭങ്ങളിൽ കവിയുടെ അന്തരാത്മാവു് ബാഹ്യലോകത്തോടുള്ള ബന്ധം പാടേ ഉപേക്ഷിച്ചു്, സ്വയം വിരചിക്കുന്ന ഒരുതരം സങ്കല്പലോകത്തിൽ പറന്നു നടക്കാറുണ്ടു്. അങ്ങനെ ഇന്ദ്രിയാതീതമായ ഒരു ലോകത്തിൽ പര്യടനം തുടങ്ങുമ്പോൾ, "ദിക്കാലാദ്യനവച്ഛിന്നാനന്ദ മൂർത്തിയായി, സ്വാനുഭൂതിമാത്രം പ്രമാണമായിട്ടുള്ളതും ശാന്തമായിട്ടുള്ളതുമായ ഒരു ദിവ്യതേജസ്സിനെ"–"തദേജതി, തന്നൈജതി, തദ്ദൂരെ, തദ്വന്തികെ, തദന്തരസ്യസർവ്വസ്യ, തദുസർവ്വസ്യാസ്യബാഹ്യതഃ"എന്നു് ഉപനിഷത്തുകൾ വർണ്ണിക്കുന്ന ബ്രഹ്മത്തെ—അവിടെ വച്ചു് കണ്ടുമുട്ടുന്നു. അത്തേജസ്സിന്റെ കിരണകന്ദളങ്ങൾ വൈദ്യുതദീപ്തിപോലെ, അന്തരാത്മാവിന്റെ അത്യഗാധതയിൽ സ്ഥിതിചെയ്യുന്ന ഐശ്വരസത്തയെ ഉദ്ദീപ്രമാക്കി അയാൾക്കു കാണിച്ചുകൊടുക്കുന്നു. അതു് അയാൾ അന്തശ്ചക്ഷുസ്സുകൾകൊണ്ടു് ദർശിക്കുകയും ചെയ്യുന്നു. ഈ വിശേഷാനുഭൂതിയാണ് ദിവ്യദർശനം. ഈ അനുഭൂതി സാധാരണമായുണ്ടാകുന്നതു് യോഗികൾക്കാണെങ്കിലും ആദ്ധ്യാത്മിക ശക്തിയുള്ള കവികൾക്കും ഉണ്ടാകും. ഉത്തമകവികൾ യോഗികൾ തന്നെയാണല്ലോ. തന്നെയും പ്രപഞ്ചത്തെയും കൂട്ടിയിണക്കുന്ന പരാത്മചൈതന്യത്തെക്കണ്ടറിയുകയും അതിൽ അഭിരമിക്കുകയും ചെയ്യുന്നവരെല്ലാം യോഗികൾതന്നെ. "കവീനാം കവിതൈവ യോഗഃ" എന്നും, "നാനൃഷിഃ കുരുതേ കാവ്യം" എന്നും ഉള്ള മഹദ്വചനങ്ങൾ ഈ ഘട്ടത്തിൽ പ്രത്യേകം വിചാരരമണീയങ്ങളാണ്.

മനുഷ്യാത്മാവിന് ഈ അതീന്ദ്രിയബോധം ചില അനുഗൃഹീത നിമിഷങ്ങളിൽ മാത്രമേ ഉണ്ടാകൂ. ഉണ്ടായാൽ അധികനേരം നില്ക്കുകയുമില്ല. പ്രസിദ്ധനായ ഷിഹാബുദീൻ സുഹ്രാവർദ്ദിയുടെ ശിഷ്യനായ ഒരു യോഗിക്കു് ഒരു സമയത്തു് ഈ അനുഭൂതി ഉണ്ടായിരുന്നു. ഒരു ദിവസം ആ യോഗി തേങ്ങിക്കരയുവാൻ തുടങ്ങി. വിലാപകാരണമെന്തെന്ന് ഷിഹാബുദീൻ ചോദിച്ചപ്പോൾ, "ആത്മീയലയത്തിൽനിന്നു ഞാൻ തെററി; ഇപ്പോൾ ആ അവസ്ഥ എനിക്കു് അനുഭവിക്കാനിടയാകുന്നില്ല." എന്നായിരുന്നു മറുപടി. ഇങ്ങനെ ചില അനുഗൃഹീത സന്ദർഭങ്ങളിൽ ഉണ്ടാകുന്ന അനുഭൂതികളെ സ്ഥൂലലോകത്തിൽനിന്നു സമാഹരിച്ചെടുത്തിട്ടുള്ള പരിശുദ്ധ പ്രേമത്തിന്റെയും, ആത്മബന്ധത്തിന്റെയും തന്മയത്വവും സൂചനയും കൊണ്ടു് പ്രകാശിപ്പിക്കുന്നതും വികാരത്തിന്റെ അത്യുച്ചകോടിയിലുള്ള ആത്മശാന്തിയെ ആവിഷ്കരിക്കുന്നതുമായ കവിതകളാണ്. മിസ്റ്റിക്ക് കവിതകൾ അഥവാ ദിവ്യദർശന കവിതകൾ. നാനാത്വത്തിൽ കൂടി ഏകത്വത്തെ ദർശിച്ചവരും, ആ ഏകസത്തയിൽ അലിഞ്ഞു, ലയിച്ചു്, പുനർജ്ജീവിച്ചവരുമായ കവികളുടെ മധുര കോമളങ്ങളും തീക്ഷ്ണങ്ങളുമായ കീർത്തനാലാപങ്ങളാണ് ഉത്തമ ദിവ്യദർശന കവിതകൾ. അല്ലാതെ അർത്ഥമൊന്നും മനസ്സിലാകാത്ത ഭ്രാന്തജല്പനങ്ങളല്ല; അശുദ്ധശൃംഗാരത്തിന്റെ കോളിളക്കമല്ല; മൃദുലപദങ്ങൾ കോർത്തിണക്കിച്ചേർത്തു കാണിക്കുന്ന ഭാവനയുടെ "മെരിട്ടുപണി"കളുമല്ല; അവ സാരസ്വത സമ്പത്തിതിരളുന്ന തപസ്വികളുടെ ഹൃദയവാടിയിലെ അദ്ധ്യാത്മ ചിന്താപുഷ്പങ്ങളുടെ പരിമളവീചികളാണ്; കാതും കരളുമുള്ളവനെ പാലമൃതൂട്ടുന്ന സുന്ദര സങ്കീർത്തനങ്ങളാണ്; സംസാരത്തിന്റെ മലീമസബന്ധത്തിൽ നിന്നും അനുവാചകനെ സ്വർഗ്ഗീയാരാമത്തിലേക്കു് കുതികൊള്ളിക്കുന്ന ദിവ്യ ചലനങ്ങളാണ്.

ഉത്തമമായ ഏതൊരു സാഹിത്യത്തിലും ദിവ്യദർശനകവിതകൾ രചിച്ച സുകൃതികൾ ഉണ്ടു്. പാശ്ചാത്യ സാഹിത്യത്തിൽ സ്പെൻസർ, വേഡ്സ്വർത്ത് ഷെല്ലി, കീററ്സ്, ബ്ലേക്ക് എന്നിവർ പ്രത്യേകം പ്രസ്താവയോഗ്യരാണ്. എന്നാൽ പൌരസ്ത്യസാഹിത്യം തന്നെ ഇക്കാര്യത്തിൽ ഒന്നാം കിടയിൽ നില്ക്കുന്നു. ഉത്തമഗീതത്തിന്റെ പുണ്യഗർഭഗൃഹമായ എബ്രായസാഹിത്യവും, പ്രേമംകൊണ്ടും പനിനീർ പൂക്കൾകൊണ്ടും, ഗോസ്തനീരസംകൊണ്ടും, മധുരവസന്തത്തുപോലെ ആനന്ദമേദുരമായ പേർഷ്യൻസാഹിത്യവും, ആത്മൈക്യഗാനങ്ങളുടേയും പ്രേമഭക്തിയുടേയും, വേദാന്തചിന്തകളുടേയും ഈററില്ലമായ ഭാരതീയസാഹിത്യവും, ദിവ്യദർശനകവനങ്ങളെ സംബന്ധിച്ചിടത്തോളം വിശ്വസാഹിത്യത്തിലെ പറുദീസകളാണെന്ന് അഭിമാനപൂർവ്വം നമുക്കു പറയാം.

സോളമൻ, കബീർ, ടാഗോർ, ഇഖ്ബാൽ മുതലായ പൌരസ്ത്യകവികളെ ജയിക്കത്തക്ക മിസ്റ്റിക്ക് കവികൾ ഒരു സാഹിത്യത്തിലും ഇന്നേവരെ ഉണ്ടായിട്ടില്ല. ഇന്നത്തെ പുരോഗമന സാഹിത്യകാരന്മാരുടെ ദൃഷ്ടിയിൽ അവരൊക്കെ പിന്തിരിപ്പൻ നയക്കാരായിത്തീർന്നേക്കാം. എങ്കിലും അവരുടെ കവിതകൾ 'കലാശില്പ'ത്തെ സംബന്ധിച്ചിടത്തോളം അക്ഷയഭാസുള്ളവയാണെന്ന് ഇക്കൂട്ടരും സമ്മതിക്കും.

കവികുലകൂടസ്ഥനായ സോളമൻ രചിച്ച ഉൽകൃഷ്ടകൃതിയാണ് ഉത്തമഗീതം. ബൈബിളിലെ പഞ്ചകാവ്യങ്ങളിൽ അദ്വിതീയമാണ് അതെന്നു വിദ്വാന്മാർ ഒരുപോലെ സമ്മതിക്കുന്നു. ജയദേവകൃതിയായ "ഗീതഗോവിന്ദ"ത്തിൻെറ മട്ടിലാണതു്. സുന്ദരഭാവനകൾകൊണ്ടും, രസപൌഷ്കല്യംകൊണ്ടും, നിഗൂഢാത്ഥസമ്പത്തികൊണ്ടും, മററും അതു് ഗീതഗോവിന്ദത്തെക്കാൾ മികച്ചതാണെന്നുകൂടി പറയണം. ഏതായാലും തത്വപ്രതിബിംബനകാവ്യങ്ങളുടെ കൂട്ടത്തിൽ ഉത്തമ ഗീതത്തിന് ഒരു പ്രധാനസ്ഥാനമുണ്ടെന്നെങ്കിലും ആരും സമ്മതിക്കും.

സ്വപരിതഃസ്ഥിതികളിലെ അസംസ്കൃതസൌന്ദര്യത്തിൽകൂടി അഖണ്ഡവും സച്ചിദാനന്ദവുമായ പരമജ്യോതിസ്സിനെക്കണ്ടറിഞ്ഞു എന്നുള്ളതാണ് കബീറിൻെറ പ്രത്യേകത. ടാഗോർ തന്നെ കബീറിനെപ്പററി പറയുന്നതിങ്ങിനെയാണ്.— "സാക്ഷാൽ ബ്രഹ്മത്തിൻെറ കാന്തിപ്പൊലിമ നേത്രേന്ദ്രിയത്തിൽകൂടിയല്ലാതെ അദ്ദേഹം ദശിച്ചു. സത്യത്തിൻെറ സനാതനകുഞ്ജങ്ങളിൽ ഈശ്വരനുമായി സൈ്വരസല്ലാപം ചെയ്തു. സവ്വസംഗപരിത്യാഗം താളംപിടിക്കുമ്പോൾ പ്രേമം സങ്കീത്തനങ്ങളാലാപിച്ചു. സെൻറ ഫ്റാൻസിസിൻെറ കണ്ണുകളിൽ ഒരു ദൈവദൂതൻ പകന്ന ആ സ്വൎഗ്ഗീയ സംഗീതം — റിച്ചാർഡ്റോളിൻെറ അന്തരാത്മാവിൽ പ്രതിധ്വനിച്ച ആ സംഗീതം — പ്രപഞ്ചത്തിൻെറ നാഡിയടിപ്പിൽ കൂടി സംക്രമിച്ച് പ്രവഹിക്കുന്നതായി കബീർ അനുഭവിച്ചറിഞ്ഞു!" കബീർ തന്നെ പാടുന്നു:— "ഞാൻ എൻെറ പ്രേമഭാജനത്തെ കണ്ടറിഞ്ഞതിൽ പിന്നെ ഞങ്ങളുടെ സൈ്വരസല്ലാപത്തിനു ഭംഗമുണ്ടായിട്ടില്ല....... ഞാൻ നോക്കുന്നിടത്തെല്ലാം എൻെറ പ്രേമഭാജനത്തെ കാണുന്നു; കാണുന്നതെല്ലാം അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണയുളവാക്കുന്നു; എൻെറ ഹൃദയം ആനന്ദപര്യാകലമാണ്. രഹസ്യങ്ങളെല്ലാം സ്വയം അനാവരണം ചെയ്യുന്നു. ആനന്ദത്തേയും അഴലിനേയും അതിക്രമിക്കുന്ന ആത്മീയ നിർവൃതിയിൽ ഞാനിതാ തിരോഭവിക്കുന്നു."

കബീറിൻെറ ഗാനങ്ങളുടേയും ഉപനിഷത്തുകളുടേയും പാദമുദ്രകൾ നോക്കിയാണ് ടാഗോറിൻെറ കാവ്യാംഗന സഞ്ചരിക്കുന്നതു്. ആ ഋഷിപുംഗവൻെറ ദിവ്യദശനത്തിന് "ഗീതാഞ്ജലി" ഉത്തമ സാക്ഷ്യമാണ്. ഗീതാഞ്ജലിയിലെ ആദ്യ ഗീതത്തിൽ തന്നെ ആ മഹാകവി സാക്ഷാത്കരിച്ച ഈശ്വരനെ അദ്ദേഹം നമുക്കു കാണിച്ചു തരുന്നുണ്ട്. കൊച്ചോടക്കുഴലുമായി പുഴക്കരകളിലും മലകളിലും ചുററുകയും, ആ മുരളിയിൽകൂടി എന്നേക്കും പുത്തനായ ഗീതങ്ങൾ ഉതിക്കുകയും ചെയ്യുന്ന ആ ഗായകൻ തന്നെയാണതു്. ആ ഗായകനോട് കവിയുടെ അന്തരാത്മാവിനുള്ള ആഭിമുഖ്യമാണ് ഗീതാഞ്ജലി നമുക്കു മനസ്സിലാക്കിത്തരുന്നതു്.

ദിവ്യദശനത്തിൻെറ പരമാവധി അദ്വൈത ദശനമാണ്. ജീവാത്മാവ് പരമാത്മാവിനെ തന്നിൽ തന്നെ കണ്ട് അഭേദ്യമായ ഒരു ബന്ധം രൂപവത്കരിക്കുമ്പോൾ ഈ സിദ്ധിയുണ്ടാകുന്നു. ഹനുമാനോട് ശ്രീരാമൻ ചോദിച്ചു:— ഹേ! ഭക്താഗ്രഗണ്യാ! അങ്ങ് എന്നെക്കുറിച്ച് എങ്ങിനെയാണ് വിചാരിക്കുന്നതു്?" അതിനു ഹനുമാൻ പറഞ്ഞ മറുപടി, "ദേഹഭാവേ തുദാസോഹം; ജീവഭാവേ ത്വദംശകഃ ആത്മഭാവേ ത്വമേവാഹം" എന്നാണ്. ആദ്ധ്യാത്മികസിദ്ധിയുടെ ആത്യന്തികഭാവമായ "ത്വമേവാഹം"എന്നുള്ളതു് എത്രയോ ഉൽകൃഷ്ടമായ ഒരു വീക്ഷണമാണ്! സാമവേദത്തിലെ, ഛാന്ദോഗ്യോപനിഷത്തിലുള്ള "സയഏഷോണി മൈതാദാത്മ്യ മിദം സവ്വം;തത് സത്യം;സ ആത്മാ; തത്വമസി ശ്വേതകേതോ!" എന്ന സൂക്തത്തിൻെറ വേറൊരു രൂപം മാത്രമാണിതു്. പത്താം ശതാബ്ദത്തിനെറ പ്രാരംഭഘട്ടത്തിൽ അൽഹല്ലാജ് എന്ന പ്രസിദ്ധനായിത്തീന്ന ഇബ്നുമൻസൂർ പീഡയുടെ വക്ത്രത്തിൽ കിടന്നു മരണവുമായി മല്ലിടുമ്പോൾ ഇങ്ങിനെ ഗാനം ചെയ്യുന്നു:— "പരിശുദ്ധ ജലത്തോട് വീഞ്ഞെന്നപോലെ എൻെറ ആത്മാവിനോട് നിൻെറ ആത്മാവു ചേന്നിരിക്കുന്നു......ഏകത്വമാകുന്ന സാഗരത്തിലെ തരംഗങ്ങൾ നാലുവശത്തും ഇളകിമറിയുന്നു; അതിൽ എൻെറ വ്യക്തിത്വം സമ്പൂണ്ണമായി ലയിച്ചു കഴിഞ്ഞിരിക്കുന്നു—ഈ ഉത്തുംഗപദവി പരിത്യജിച്ചു മൻസൂർ എന്തിനു നിസ്സാരനായ ഭൌതീകജീവിയാകണം."

ഉത്കൃഷ്ടമതമെന്നപോലെ നമ്മെ നമ്മുടെ ഹൃദയവല്ലഭനുമായി സന്ധിപ്പിക്കുന്ന ഒരു മണിയറയാണ് ദിവ്യദശന കവിതകൾ. സാഹിത്യത്തിൻെറ പരമോദ്ദേശം നമ്മെ ആഹ്ലാദിപ്പിക്കുന്നതല്ല; ആദ്ധ്യാത്മികചിന്താമണ്ഡലത്തിൽകൂടി, നമ്മേക്കൊണ്ടുപോയി അലൗകീകനിർവൃതിയിൽ എത്തിക്കയാണെന്നുള്ളതു് സമ്മതിച്ചേ മതിയാവൂ. മതത്തേയും ഈ ഉത്കൃഷ്ട സാഹിത്യപ്രസ്ഥാനത്തേയും വിസ്മരിക്കുന്ന മാനവസമുദായം വിനാശത്തിൻെറ തുറന്ന വായിലേക്കാണു പോകുന്നതു്.

---

# കേരളഗാനം

(കെ. കെ. കരുണാകരക്കുറുപ്പ്, കുറവൂർ)

മഞ്ജുളമലരണി മരതകവല്ലികൾ മൂടും മലയാദ്രി-
യ്ക്കുണ്മയിലഴകെഴുമുദയക്കതിരൊളി കനകം പൂശുന്നു
മംഗളമുരളീഗാനാലാപസഹർഷർ കിളിനിരകൾ
ഭംഗികൾ ചാർത്തിയ കാഞ്ചന ദശയെ വാഴ്ത്തിപ്പാടുന്നു.
പൂരിത പാവന ദിവ്യ പ്രഭയെഴുമധുര വേദികകൾ
കാനന പർണ്ണാശ്രമനിരയതികുല പൂജിതമാകുന്നു.
നന്ദിതനന്ദന സന്നിഭസുന്ദര കേരള മലർവാടി-
യ്ക്കുന്നത ശാന്തിതരുന്നു, സുരഭില മന്ദമരുത്തെന്നും
കുളിരൊളിയിളകുന്നളകാവലി മണിയള്ളിവേണിപ്രകരം
സുലളിതലാസ്യ പ്രകടന ഭൂഷിതരായി ലസിക്കുന്നു
ഉദയാംബരസുഷമാപ്രസര ശ്രീചേരും വയൽനിരകൾ
സദയം പവിഴപ്പൂത്തു നെന്മണി മയമാലകൾ ചൂടുന്നു.
കേരള കേളികൾ കൊള്ളും കേരസുരദ്രുമ വല്ലരികൾ
താളം തല്ലി ചാഞ്ചാടുന്നിതു പൂർവ്വിക സമ്പന്നർ
ചന്ദന ശീതള, സുരഭിലസുന്ദര തടിനീനിവഹങ്ങൾ
പുണ്യപുരാണ വിരാജിത ഭൂവിൻ മഹിമകൾ വാഴ്ത്തുന്നു.
ജാതിമതാദി വിരുദ്ധ വിഹീന വിമോഹന സാമ്രാജ്യം
ജാതോല്ലാസം പൂർവ്വാശാ കുളിർത്താരകമായ് കാണ്ക
ആര്യ പുരാതന സംസ്കാരപ്പൂത്തു പൂങ്കൊടി നാട്ടിക്കൊ-
ണ്ടാതുരരക്ഷിത പൂജിത ഭുവനം മിന്നുന്നു ശുഭദം
ഉന്നത ലളിത കലാശ്ലേഷിതരായ് മാനവ സമുദായം
പുളകം കൊൾവൂ, പുതുമ വിരിച്ചൊരു സുന്ദര മാർഗ്ഗത്തിൽ
സഞ്ചിത സുകൃതഫലം വിളയിക്കുന്നാഞ്ചിത മലനാടേ!
മലർ മാനിനിതൻ നിത്യോത്സവ മണിമന്ദിരമെൻ
ജയിക്ക, വിബുധാളികൾ ജന്മംകൊണ്ടുത്തമ ഗുണവീടേനാടേ!
ജയിക്ക, കേരള നാടേ! പരിസരസുന്ദരമെൻ നാടേ!

---

( * പകർപ്പവകാശം രചയിതാവിന്)

ചെറുകഥ.

# ആദശം

( പി. ജെ. ആൻറണി, എറണാകുളം )

അവർ നിത്യസഹചാരികളായിട്ട് രണ്ടര കൊല്ലം കഴിഞ്ഞു. അതേ പുഴവക്കത്തുവച്ചുതന്നെയാണ് അവർ ആദ്യമായിട്ട് പരിചയപ്പെട്ടത്. അന്നുമുതൽ അവർ ഏററവും ഇഷ്ടപ്പെടുന്ന സ്ഥലം ആ പുഴവക്കായിത്തീൎന്നു. കേശവനെ കണ്ടില്ലെങ്കിൽ രഘുവിനും, രഘുവിനെ കണ്ടില്ലെങ്കിൽ കേശവനും, മനസ്സിന് സുഖമില്ല; ആഹാരത്തിനു രുചിയില്ല; ശരിയായ ഉറക്കമില്ല. സംഗീതരസികനായ കേശവൻെറ പാട്ടുകൾ കേട്ട് രഘു ബ്രഹ്മാനന്ദമനുഭവിയ്ക്കും; കഥാകൃത്തായ രഘുവിൻെറ കഥകൾ അയാളിൽനിന്നു തന്നെ കേട്ട് കേശവൻ രോമാഞ്ചമണിയും ഇതൊക്കെ ആ പുഴവക്കത്തു വച്ചായിരിക്കും. ആ ആററുവക്കത്തു നില്ക്കുന്ന ഓരോ പുൽക്കൊടിയ്ക്കും, ഓരോ കഥയും ഓരോ പാട്ടും അറിയാമായിരിക്കും. രഘുവിൻെറ കഥകൾ ആദശ സമ്പൂൎണ്ണങ്ങളാണ്. "മനുഷ്യനെ മനുഷ്യനിൽ നിന്നകററുന്ന ജാതി നശിച്ചെങ്കിൽ മാത്രമെ ലോകത്തിന് പുരോഗതിയുണ്ടാകുകയുള്ളു." ഇതാണ് അയാളുടെ പ്രധാന മുദ്രാവാക്യം. അയാളുടെ യുക്തിയ്ക്ക് പിൻപേ മറെറാരു ചോദ്യം തല നീട്ടുകയില്ല അത്രയ്ക്ക് കരുത്തുള്ളവയാണ് അയാളുടെ യുക്തികൾ. കേശവന് അവ വേദവാക്യങ്ങളായിരുന്നു. ഈഴവയുവാവായ കേശവനെ നായർയുവാവായ രഘു സ്വന്തം സഹോദരനെപ്പോലെ സ്നേഹിച്ചു. കേശവൻെറ വീട്ടിൽ നിന്നു അയാൾ പലപ്പോഴും ആഹാരം കഴിച്ചിട്ടുണ്ട്.

മഴക്കാലത്ത് അവർ പുഴവക്കത്തു പോകാറില്ല. അവരുടെ വീടുകളിൽ വെച്ചു തന്നെയായിരിക്കും തമ്മിൽ കൂടുന്നതു്. മിക്കവാറും കേശവൻ രഘുവിൻെറ വീട്ടിലേയ്ക്കായിരിക്കും പോകുക. അയാൾക്ക് രഘുവിൻെറ വീടിനോട് മഹത്തായ ഒരു ബന്ധം ഉണ്ടായിത്തുടങ്ങിയിട്ട് കുറെനാളുകളായി. മഴക്കാലമല്ലെങ്കിലും രഘുവിനെ വിളിക്കുവാനായിട്ട് അയാളുടെ വീട്ടിൽ പോകുകയെന്നുള്ളതു് കേശവൻെറ ഒരു പതിവായി. രഘുവിൻെറ വീട്ടിലിരുന്ന് അയാൾ പാടുന്ന പാട്ടുകൾക്ക് ഒരു പ്രത്യേക ആകഷണീയതയുണ്ടായിരുന്നു.

"നിങ്ങൾ പുഴവക്കത്തിരുന്നു പാടുമ്പോൾ ഇത്ര നന്നാകാത്തതെന്തു കൊണ്ടാണ്?" ഒരു ദിവസം രഘു ചോദിച്ചു

"അവിടം തുറന്ന സ്ഥലമായതു കൊണ്ടാണ്." കേശവൻ മറുപടി പറഞ്ഞു.

കുറച്ചു ദിവസങ്ങളായിട്ട രഘുവിന് ഒരു വല്ലായ്മ. അയാളുടെ പ്രകൃതിയ്ക്ക് പറയത്തക്ക ഒരു മാററം വന്നുചേൎന്നു. സഹജമായ പൊട്ടിച്ചിരിയില്ല; പൊട്ടിച്ചിരിപ്പിയ്ക്കുന്ന ഫലിതങ്ങളില്ല. ആരെയും ആകൎഷിയ്ക്കുന്ന പ്രസന്നമായ ആ മുഖം വിളറിത്തുടങ്ങി. ഏതോ ഒരു ചിന്ത അയാളുടെ അകം നീററുന്നുണ്ടെന്നു ആ മുഖം വിളിച്ചു പറഞ്ഞു. കേശവൻ അതെല്ലാം മനസ്സിലാക്കി. താൻ ജീവതുല്യം സ്നേഹിക്കുന്ന തൻെറ കൂട്ടുകാരന് ഇങ്ങിനെ മാററം സംഭവിയ്ക്കാനുള്ള കാരണമറിയുവാൻ അയാൾ അതിയായി ആഗ്രഹിച്ചു. പലപ്പോഴും അയാൾ അതിനെപ്പററി ചോദിയ്ക്കണമെന്നു കരുതി. ഒടുവിൽ വേണ്ടെന്നു വെച്ചു. ചോദിക്കാതെ തന്നെ എപ്പോഴെങ്കിലും അയാൾ അതു് പറഞ്ഞറിയിയ്ക്കുമെന്ന് കേശവനുറപ്പുണ്ട്. അവരെ സംബന്ധിച്ചിടത്തോളം രഹസ്യമെന്നു പറയുന്ന ഒന്നില്ല.

പതിവുപോലെ അവരന്നും ആ പുഴവക്കത്തു വന്നിരിപ്പായി. ചെറു കഥകളും പാട്ടുകളും കേൾക്കുവാൻ, അവിടത്തെ കുററിച്ചെടികളും പുൽക്കൊടികളും നിശ്ചലങ്ങളായി നിന്നു. പക്ഷെ ആരും കഥ പറഞ്ഞില്ല; ആരും പാടിയില്ല. വെറും നിശ്ശബ്ദത. കടത്തുവഞ്ചി കാത്തിരിയ്ക്കുന്ന രണ്ടു പരിചിതന്മാരെപ്പോലെ അവർ അങ്ങിനെ ഇരിയ്ക്കുകയാണ്. സൂൎയ്യനസ്തമിയ്ക്കാറായി. മറുകരയിൽക്കൂടി ഒരു ബാലൻ ആടുകളേയുമായി ആലയിലേയ്ക്ക് പോകുകയാണ്. അവൻെറ സംഗീത രൂപത്തിലുള്ള അലച്ച ആ പ്രദേശത്തെ നിശ്ശബ്ദതയെ ഭഞ്ജിച്ചു; "മമ്മത്‌ലീലേ വേണ്ടാരുണ്ടോ.?" ഒരു കയിൽ അപ്പനെ കളിയാക്കിക്കൊണ്ട് കിഴക്കോട്ടു പറന്നുപോയി. ഇതൊന്നും കേശവനും രഘുവും അറിഞ്ഞില്ല. കേശവൻ തൻെറ സ്നേഹിതൻെറ മുഖത്തേയ്ക്ക് നോക്കി. അയാൾ തലകുനിച്ചിരുന്ന് ചിന്തിയ്ക്കുകയാണ്.

"രഘുവിനെന്താണിത്ര വിഷമം?" കേശവൻ ചോദിച്ചു. മറുപടി ഒരു ദീൎഘശ്വാസം മാത്രമായിരുന്നു.

"നിങ്ങളുടെ ഈ മൌനം എന്നെ വല്ലാതെ വിഷമിപ്പിയ്ക്കുന്നുണ്ടു്." കേശവൻ തുടൎന്നു. "ചോദിയ്ക്കാതെ തന്നെ എന്നോടു പറയുമെന്നു് ഞാൻ കരുതി. എന്തു പററിയെന്നു പറയൂ."

"ഞാനെല്ലാം വിവരിച്ചു പറയാം." രഘു പറഞ്ഞു തുടങ്ങി. "ഞാൻ ഇതൊരു രഹസ്യമായിട്ടു് സൂക്ഷിച്ചിരുന്നല്ലോ എന്നു കരുതി എന്നോടു പരിഭവിയ്ക്കരുതു്."

"അതൊന്നും സാരമില്ല; പറയൂ,"

"ഞങ്ങളുടെ കിഴക്കെ വീട്ടിൽ ഒരു പെണ്ണുണ്ടു്; റോസി. അറിയുമോ?"

"ആ വെളുത്തു് മെലിഞ്ഞു് ചുരുണ്ട തലമുടിയുള്ള........."

"അതെ; അവൾ തന്നെ. അവളുടെ വീട്ടുകാരും ഞങ്ങളുമായിട്ടു് വലിയ സൌഹാൎദ്ദ നിലയിലാണു് മുൻപു മുതൽക്കേ കഴിഞ്ഞു വന്നതു്. റോസിയേയും എന്നേയും ഒരു ദിവസമാണു് നിലത്തെഴുത്തിനിരുത്തിയതു്. അവിടം മുതൽ നാലാം ക്ലാസ്സുവരെ ഞങ്ങൾ ഒരുമിച്ചു പഠിച്ചു. അതിനു ശേഷം ഞങ്ങൾ രണ്ടു വഴിക്കു തിരിഞ്ഞു; അവൾ പെൺ പള്ളിക്കൂടത്തിലേയ്ക്കും, ഞാൻ ആൺ പള്ളിക്കൂടത്തിലേയ്ക്കും. അവളില്ലാത്ത വിദ്യാലയം കുറേ കാലത്തേയ്ക്കു് എന്നെ ശ്വാസം മുട്ടിച്ചു. കാലപ്പഴക്കത്തിൽ അതു മാറി. പുതിയ കൂട്ടുകാരോടൊത്തു് ഞാൻ ഉല്ലാസത്തോടെ വിദ്യാലയ ജീവിതം നയിച്ചു. എങ്കിലും റോസിയോടു് എനിയ്ക്കു തോന്നിയിരുന്ന പ്രത്യേകതയ്ക്കു യാതൊരു കോട്ടവും സംഭവിച്ചില്ല. വൈകുന്നേരം സ്കൂൾ വിട്ടാൽ ഞാൻ സകലശക്തിയുമെടുത്തു് പെൺ പള്ളിക്കൂടത്തിലേയ്ക്കോടും; റോസിയുമൊന്നിച്ചു് വീട്ടിലേയ്ക്കു് പോകാൻ.

'ഞങ്ങൾ മൂന്നാം ഫോറത്തിലെത്തി. അക്കൊല്ലം അവൾ തോററു; അവളുടെ വിദ്യാലയ ജീവിതവുമവസാനിച്ചു. എനിയ്ക്കും പഠിത്തം നിറുത്തിയാൽ കൊള്ളാമെന്നു തോന്നി. പക്ഷെ, അപ്പനെ ഭയന്നു ഞാനതു് പുറത്തു പറഞ്ഞില്ല. വിദ്യാഭ്യാസം തുടരുക തന്നെ ചെയ്തു. റോസി പഠിത്തം നിറുത്തിയതിനു ശേഷം ഞാനവളുടെ വീട്ടിൽ പോകുന്ന പതിവും നിറുത്തി. ഏതോ ഒരു വിചാരം, അവളുടെ വീട്ടിൽ കൂടക്കൂടെ പോകുവാനും, അവളുമായി സംസാരിക്കുവാനും, എന്നെ അനുവദിച്ചില്ല. അവളുടെ സഹോദരനെ കാണാനെന്നമട്ടിൽ ഞാൻ വല്ലപ്പോഴും അവിടെ പോകുമായിരുന്നു. ദിവസത്തിൽ മൂന്നു നാലു പ്രാവശ്യമെങ്കിലും അവളെ കാണുകയെന്ന കൃത്യത്തിനു് ഞാൻ മുടക്കു വരുത്തിയിരുന്നില്ല. ഒരു ഞായറാഴ്ച രാവിലെ, ഒരു പരിചയക്കാരനെ കാത്തു് ഞാൻ പള്ളിയുടെ മുൻപിലുള്ള വഴിയരികിൽ നില്ക്കുകയായിരുന്നു. മണി ഒമ്പതു കഴിഞ്ഞു. ആളുകൾ പള്ളിയിൽ നിന്നു് ഇറങ്ങി തുടങ്ങി. പരിചയക്കാരനെ കാത്തു നില്ക്കയാണെന്നുള്ള വസ്തുത ഞാൻ മറന്നു. ആ ആൾക്കൂട്ടത്തിൽ റോസിയുണ്ടോ എന്നു ഞാൻ നോക്കി. എല്ലാവരും പോയിത്തീൎന്നിട്ടും അവളെ കണ്ടില്ല. ഏതോ കാരണവശാൽ അവൾ അന്നു് വന്നിട്ടുണ്ടായിരിയ്ക്കുകയില്ലെന്നു് കരുതി ഞാൻ പഴയപടി റോഡിലേയ്ക്കു നോക്കിക്കൊണ്ടുനിന്നു. അഞ്ചാറു മിനിട്ടു കഴിഞ്ഞു; ഏതോ ഒരു ശക്തിയാലാകൃഷ്ടനായ പോലെ ഞാൻ പുറകോട്ടു തിരിഞ്ഞു നോക്കി. എന്റെ കണ്ണുകൾ അമൃതധാര കൊണ്ടെന്നവണ്ണം കുളിൎത്തു. ഇടതു കയ്യിൽ ഒരു ചെറിയ പ്രാൎത്ഥന പുസ്തകം നെഞ്ചോടു ചേൎത്തു പിടിച്ചു് വലതുകൈ പുതച്ചിരിക്കുന്ന നേററിനുള്ളിൽ വീശി വീശി, ഒരു ദേവകന്യകയെപ്പോലെ അവൾ പള്ളിയിൽ നിന്നു ഇറങ്ങി വരുന്നു. മുൻപ് ഒരിയ്ക്കലും കണ്ടിട്ടില്ലാത്ത ഒരു സൌന്ദൎയ്യം അന്നവൾക്കുണ്ടായിരുന്നതായി എനിയ്ക്കു തോന്നി. ഞങ്ങളുടെ കണ്ണുകൾ തമ്മിലിടഞ്ഞു. സഹജമായ ആ ചിരികൊണ്ടു് അവൾ എന്നെ അഭിവാദ്യം ചെയ്തു. എന്നെ ഉന്മത്തനാക്കുന്ന ആ ചിരി! അടുത്തു വന്നതിനു് ശേഷം അവൾ ചോദിച്ചു; "രഘുവെന്താണു് ഇവിടെ നില്ക്കുന്നെ?" ഒരാളെ കാണാൻ നില്ക്കുകയാണെന്നു ഞാൻ പറഞ്ഞു. ഞാൻ മുൻപിലത്തെപോലെ അവളുടെ വീട്ടിൽ എപ്പോഴും ചെല്ലുകയും, അവളോടു് സംസാരിക്കയും ചെയ്യാത്തതിൽ അവൾ പരിഭവപ്പെട്ടു. ആ കാലവും പ്രായവുമൊക്കെ പോയില്ലേ എന്നു ഞാൻ ചോദിച്ചു. അവൾക്കെന്തോ മനസ്സിലായി. വളരെ നേരം ഞങ്ങൾ നിശ്ശബ്ദരായി നിന്നു. വികാരങ്ങൾ എന്റെ മനസ്സിൽ ഓളം തല്ലിക്കൊണ്ടിരുന്നു. ഒരു വലിയ മനശ്ചാഞ്ചല്യത്തിന്റെ ലക്ഷണങ്ങൾ അവളുടെ മുഖത്തും കാണാമായിരുന്നു. 'ഞാനിനി പോകട്ടെ, രഘു വരുന്നോ?' എന്നു ചോദിച്ചു കൊണ്ടു് അവൾ നടക്കാൻ ഭാവിച്ചു. 'വരുന്നു' എന്നു പറഞ്ഞു് ഞാനും നടന്നു തുടങ്ങി. മൂന്നു കൊല്ലങ്ങൾക്കു ശേഷം അന്നാദ്യമായിട്ടു് ഞങ്ങൾ ഒരുമിച്ചു നടന്നു. ഒരക്ഷരം പോലും ഞങ്ങൾ ഉരിയാടിയില്ല. ആയിരമായിരം ആശയങ്ങൾ എന്റെ മനസ്സിൽ കിടന്നു് കെട്ടു പിണഞ്ഞു. അവളോടു എന്തെല്ലാമോ പറയണമെന്നു് എനിയ്ക്കു തോന്നി; പക്ഷെ, നാവു പൊങ്ങിയില്ല. പറയത്തക്ക ഒരു ബലഹീനത എന്നെ ബാധിച്ചു. അതിനു മുൻപൊരിക്കലും അങ്ങിനെ ഒരനുഭവം എനിയ്ക്കുണ്ടായിട്ടില്ല. റോസി എന്തെങ്കിലും പറഞ്ഞു തുടങ്ങുമെന്നു് ഞാൻ ആ

ശിച്ചു. പക്ഷെ, ഇടയ്ക്കിടയ്ക്കു് ഓരോ ദീർഘശ്വാസമല്ലാതെ മററൊന്നും അവളിൽ നിന്നു കേൾക്കുവാൻ കഴിഞ്ഞില്ല. അവളുടെ പടിയ്ക്കൽ എത്തിയപ്പോൾ 'ഞാൻ പോകുന്നു; സമയം കിട്ടുമ്പോഴൊക്കെ വരണം കേട്ടോ രഘു; എന്നു് മന്ദമായി പറഞ്ഞു കൊണ്ടു് അവൾ പടിപ്പുരയിലേക്കു കയറി. സമ്മതഭാവത്തിൽ തല കുലുക്കിക്കൊണ്ടു് ഞാൻ വീട്ടിലേയ്ക്കും നടന്നു.

സ്നേഹിതനെ കാത്തുനിന്നിരുന്നതു് വളരെ അത്യാവശ്യമുള്ള കാര്യം പ്രമാണിച്ചായിരുന്നിട്ടും അതിനെ അവഗണിച്ചു് റോസിയോടുകൂടി മടങ്ങിയതു്, എന്റെ ഹൃദയം മുഴുവൻ അവളെ തുറന്നു കാണിയ്ക്കാൻ കിട്ടിയ ആ അവസരം ഫലപ്രദമാക്കിത്തീർക്കാമെന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു. പക്ഷെ, ഞാൻ അതിനു ശക്തനല്ലാതെയായിപ്പോയി. അവൾ പിരിഞ്ഞു പോയതിനു ശേഷമാണു്, അവളോടു എന്തായിരുന്നു പറയേണ്ടിയിരുന്നതെന്നു് ഓർമ്മയിൽ വന്നതു്. അവളോടു് ഒരു വാക്കുപോലും പറയാനുണ്ടായ എന്റെ കഴിവില്ലായ്മയെ ഞാൻ മനസാ ശപിച്ചു. അഥവാ പറഞ്ഞിട്ടെന്തുഫലം? ജാതിസർപ്പം, അതിന്റെ ഉഗ്രമായ ഫണവും നിവർത്തി പിടിച്ചു് ചീററിക്കൊണ്ടു നിൽക്കുമ്പോൾ, ഒരു ഹിന്ദു യുവാവിന്റെയും ഒരു ക്രസ്തീയ യുവതിയുടെയും പരസ്പരപ്രേമം എങ്ങിനെ നീതീകരിയ്ക്കപ്പെടും? സഹോദരാ, ഈ നശിച്ച ജാതിക്കിടങ്ങുകളിൽക്കിടന്നു് എത്ര യുവഹൃദയങ്ങളാണു് ശ്വാസം മുട്ടുന്നതു്. ഈ ജാതിപ്പിശാചു് എത്രയെത്ര പിഞ്ചു ഹൃദയങ്ങളെ ഞെക്കിപ്പിഴിഞ്ഞു് രക്തം കുടിച്ചിട്ടുണ്ടു്! എന്നിട്ടും അതിന്റെ ദാഹം ശമിച്ചിട്ടില്ല! വാ തുറന്നു് ഭയങ്കരങ്ങളായ ദംഷ്ട്രങ്ങൾക്കിടയിൽ കൂടി നാവുനീട്ടിക്കൊണ്ടു് അതു് മുന്നോട്ടു കുതിയ്ക്കുന്നു. ഇനിയും എത്രയെത്ര ജീവിതങ്ങൾ! ——ഹാ! അതോർക്കുവാൻ വയ്യ. ഈ ജാതി ഇല്ലാതാകണം. അതു മനുഷ്യനെ മനുഷ്യനിൽ നിന്നകററുന്നു. അതിനെ നശിപ്പിയ്ക്കണം. അതു നശിച്ചെങ്കിൽ മാത്രമേ——"

ആ വാചകം പൂർത്തിയാക്കുവാൻ രഘുവിനു കഴിഞ്ഞില്ല. കോപവും താപവും കൊണ്ടു് അയാളുടെ കണ്ഠമിടറി. അയാൾ പല്ലുകൾ ഞെരിച്ചു് 'കറകറ' ശബ്ദമുണ്ടാക്കി. രഘുവിന്റെ പ്രേമകഥയുടെ ബാക്കി ഭാഗംകൂടി കേൾക്കുവാൻകേശവൻ ഉൽക്കണ്ഠയോടെ കാത്തിരുന്നു. പക്ഷെ, അയാൾ കഥ തുടങ്ങുകയല്ല, ചിന്തയിലേയ്ക്കു് ആണ്ടുപോകുകയാണു് ചെയ്തതു്.

"എന്നിട്ടു് അതെങ്ങിനെയായി രഘു," അക്ഷമനായ കേശവൻ ചോദിച്ചു.

ഏതാനും നിമിഷങ്ങൾകൂടി നിശ്ശബ്ദനായിരുന്നതിനുശേഷം രഘു തുടർന്നു:—

"അവളെ പററിയുള്ള ചിന്ത എന്നെ വിട്ടൊഴിയാതെയായി. ഊണിലും ഉറക്കത്തിലും ആ ഒരു ചിന്തമാത്രം. അവളുടെ ആശകളും ആശയങ്ങളും ആ മനോഹരങ്ങളായ കണ്ണുകളിൽകൂടി അവൾ എന്റെ ഹൃദയത്തിലേയ്ക്കു പകർത്തി. അവൾ എന്റെ സ്വന്തമാണെന്നു് ഞാൻ പലപ്പോഴും വിശ്വസിച്ചു. പക്ഷെ, ആ വിശ്വാസത്തിനെന്താണൊരു വില? അനാചാരക്കറ പിടിച്ചു് കറുത്തിരുണ്ട ജാതിക്കോട്ട ഞങ്ങളുടെ നടുവിൽ നീണ്ടു നിവർന്നു കിടക്കുന്നു. അതു ചാടിക്കടക്കുക അസാദ്ധ്യമാണു്; വെട്ടിപ്പൊളിയ്ക്കുകതന്നെ വേണം. ജാതികളെപ്പററിയും, അവ വരുത്തിക്കൂട്ടുന്ന അത്യാപത്തുകളെ പററിയും ഞാൻ ചിന്തിയ്ക്കുവാൻ തുടങ്ങി. എന്റെ ചിന്തകൾ ചെറുകഥകളായി കടലാസുകളിൽ സ്ഥലംപിടിച്ചു. അങ്ങിനെയാണു് ഞാൻ കഥാകൃത്തായതു്. വളരെക്കാലം എന്റെ ചെറുകഥകൾ മേശയ്ക്കുള്ളിൽ ശ്വാസം മുട്ടിക്കിടന്നു. അവ പൊതുജന സമക്ഷം അവതരിപ്പിയ്ക്കപ്പെട്ടെങ്കിൽ മാത്രമേ ഉദ്ദിഷ്ടകാര്യസിദ്ധിയുണ്ടാകുകയുള്ളവെന്നു് ഞാൻ വിചാരിച്ചു. അതിനു വേണ്ടിയുള്ള ശ്രമം തുടങ്ങി. റോസിയുടെ വീട്ടിൽ പതിവായി രണ്ടു മാസികകൾ വരുത്തിക്കൊണ്ടിരുന്നു. ആ മാസികകൾ വഴിയായിമാത്രം കഥകൾ പരസ്യം ചെയ്താൽ മതിയെന്നു് ഞാൻ തീരുമാനിച്ചു. അതിനൊരു കാരണവുമുണ്ടായിരുന്നു. എന്റെ ആശയങ്ങൾ എല്ലാവരും അറിയണം; കഥയെഴുതുന്ന ആൾ ഞാനാണെന്നു് ആരുമറിഞ്ഞില്ലെങ്കിലും റോസി അറിയണമെന്നു് ഞാൻ അതിയായി ആഗ്രഹിച്ചു. അങ്ങിനെ അവളുടെ വീട്ടിൽ വരുത്തിക്കൊണ്ടിരിയ്ക്കുന്ന മാസികകൾ വഴിയായിത്തന്നെ എന്റെ കഥകൾ പുറത്തിറങ്ങിത്തുടങ്ങി. ചില യാഥാസ്ഥിതികന്മാർ എന്റെ അഭിപ്രായങ്ങളെ എതിർത്തുവെങ്കിലും പലരും അവയെ ശരിവയ്ക്കാതിരുന്നില്ല. ഒരു ദിവസം സൌകര്യം കിട്ടിയപ്പോൾ അവൾ എന്നോടിങ്ങനെ പറഞ്ഞു; "രഘുവിന്റെ കഥകളൊക്കെ വളരെ നന്നായിട്ടുണ്ടു്. രഘുവിന്റെ അഭിപ്രായം ശരിയാണു്. ഈ ജാതി വ്യത്യാസത്തിന്റെയൊക്കെ അർത്ഥമെന്താണു്? ദൈവത്തിന്റെ മുൻപിൽ നാമൊക്കെ ഒന്നുതന്നെയല്ലെ. എല്ലാവരും ദൈവത്തിന്റെ മക്കളാണെന്നു പറയുന്ന പുരോഹിതന്മാരും സമുദായ പ്രമാണികളും തന്നെയല്ലേ, ജാതിയുടെ പേരിൽ മനുഷ്യരെ ഞെരുക്കി കൊല്ലുന്നതു്. രഘുവിന്റെ കഥകൾ വായിച്ചപ്പോൾ മുതലാണു് ഞാൻ അതിനെപ്പററിയൊക്കെ നന്നായിട്ടു് ചിന്തിക്കുവാൻ തുടങ്ങിയതു്." പിന്നീടു് കുറേനേരം അവൾ മിണ്ടാ

തെ മുഖം കുനിച്ചു നിന്നു. ഒരു ദീർഘനിശ്വാസത്തിനുശേഷം അവൾ എന്തോ പറയാൻ ഭാവിച്ചുകൊണ്ടു മുഖമുയർത്തി എന്റെ മുഖത്തേയ്ക്കു് ഉററുനോക്കി. അവൾ പറയാൻ പോകുന്നതെന്താണെന്നു് പറഞ്ഞുതുടങ്ങുന്നതിനു മുൻപുതന്നെ എനിയ്ക്കു മനസ്സിലായതു പോലെ തോന്നി. ആത്മാർത്ഥതയുള്ള രണ്ടു ഹൃദയങ്ങൾക്കു് നോട്ടം കൊണ്ടു് ആശയവിനിമയം ചെയ്യാമെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. അവൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "രഘു, ഞാൻ പലപ്പോഴുമിരുന്നു് ആലോചിയ്ക്കാറുണ്ടു് ദൈവം നമ്മെ എന്തിനാണു് രണ്ടു ജാതികളിലായി സൃഷ്ടിച്ചിരിയ്ക്കുന്നതെന്നു്."

'അങ്ങിനെ സ്മരണീയങ്ങളായ ചില കൂടിക്കാഴ്ചകൾ പലപ്പോഴുമുണ്ടായിട്ടുണ്ടു് എന്റെ കഥകളെപ്പററി, ഞാൻ കേൾക്കത്തക്ക വിധത്തിൽ എന്നെ പുകഴ്ത്തിപ്പറഞ്ഞിരുന്നവരിൽ പ്രധാനി, റോസിയുടെ സഹോദരനായിരുന്നു. ഈ ആദർശങ്ങൾ അതേപടി നടപ്പിൽ വരികയാണെങ്കിൽ അന്നു് ലോകം സ്വർഗ്ഗമായി മാറുമെന്നു പറയാൻ അയാൾ ഒട്ടും മടിച്ചില്ല. അയാൾ എന്റെ സാഹചര്യം കൂടുതൽ ഇഷ്ടപ്പെട്ടു തുടങ്ങി; അതു് എനിക്കൊരനുഗ്രഹമായിത്തീർന്നു. ഒരു നീണ്ട മധുര സ്വപ്നം പോലെ നാളുകൾ അങ്ങിനെ പൊയ്ക്കൊണ്ടിരുന്നു. ആയിടയ്ക്കാണു് ഞാൻ 'അയൽ വീട്ടിലെ പെണ്ണു്' എന്ന ചെറുകഥ പരസ്യം ചെയ്തതു്. അകലത്തെങ്ങോ കിടന്നിരുന്ന നിരാശ പെട്ടെന്നെന്നെ വന്നു പിടികൂടുവാൻ ആ കഥ കാരണമായിത്തീർന്നു. അത്രയും നാൾ എന്റെ കഥകളെ വാനോളം പുകഴ്ത്തിയിരുന്ന ജോർജ്ജ്— അതാണവളുടെ സഹോദരന്റെ പേരു്—എന്നെക്കാണുമ്പോൾ ചീഞ്ഞുനാറുന്ന ഏതോ ഒരു മഹാരോഗിയെ കാണുമ്പോലെ ഒഴിഞ്ഞുമാറി, ഒരക്ഷരംപോലും മിണ്ടാതെ കടന്നു പൊയ്ക്കൊണ്ടിരുന്നു. ആ വെറുപ്പിന്റെ കാരണം മനസ്സിലാക്കുവാൻ എനിയ്ക്കു് യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. മേലിൽ തന്റെ വീട്ടിൽ മാസികകളൊന്നും വരുത്തേണ്ടെന്നു് ജോർജ്ജ് തീരുമാനിച്ചതായി ഞാൻ അറിഞ്ഞു. അങ്ങിനെ നാളുകൾ പലതു കഴിഞ്ഞു. ഞാൻ അസഹനീയമായ മനോവേദന തിന്നുകൊണ്ടിരുന്നു. ഇന്നലെ അവൾ എനിക്കൊരെഴുത്തു തന്നു; ഇതാ വായിച്ചു നോക്കൂ"

അയാൾ പോക്കററിൽ നിന്നു് ഒരെഴുത്തെടുത്തു് കേശവന്റെ കയ്യിൽ കൊടുത്തു. കേശവൻ വായിച്ചു തുടങ്ങി.

എന്റെ പ്രാണനായ രഘു,

നമ്മുടെ കാര്യങ്ങളെല്ലാം വീട്ടുകാരൊക്കെ അറിഞ്ഞു. എന്നെ കണക്കിലേറെ ചീത്ത പറയുകയും തല്ലുകയും ചെയ്തു. ചേട്ടനാണു് കൂടുതൽ ഉപദ്രവിയ്ക്കുന്നതു്. ഇപ്പോൾ വീട്ടുകാർ എനിയ്ക്കൊരു കല്യാണക്കാര്യം ആലോചിക്കയാണു്. രഘു, ഞാനെന്താണു് ചെയ്യേണ്ടതു്? മററാരുടെ കൂടെയും ജീവിയ്ക്കുവാൻ എനിയ്ക്കു സാദ്ധ്യമല്ല; രഘുവിനെയല്ലാതെ മററാരേയും സ്നേഹിക്കുവാൻ എനിയ്ക്കു കഴിയുകയില്ല. മരിച്ചു കളയണമെന്നു പോലും എനിയ്ക്കു തോന്നുന്നുണ്ടു്. പരിതാപകരമായ ഈ അവസ്ഥയിൽ നിന്നു് എന്നെ രക്ഷിയ്ക്കുവാൻ രഘുവല്ലാതെ മററാരുമില്ല. ഒട്ടും താമസിയാതെ വേണ്ടതു് പ്രവർത്തിക്കണം. നമുക്കൊരുമിച്ചു് എവിടെയെങ്കിലും പൊയ്ക്കളയാം. എന്നെ മറക്കരുതേ രഘു.

എന്നു്

രഘുവിന്റെ റോസി.

കേശവൻ എഴുത്തു മടക്കി രഘുവിന്റെ പക്കൽ കൊടുത്തു. അവിടം വീണ്ടും നിശ്ശബ്ദമായി. കേശവന്റെ ചിന്ത വേറൊരു വഴിക്കു തിരിഞ്ഞു. തന്റെ ആ ജീവിത രഹസ്യവും രഘുവിനെ അറിയിക്കുവാൻ അയാളുറച്ചു. അയാൾ ഇങ്ങിനെ വിഷമിക്കുമ്പോൾ അതു പറഞ്ഞറിയിക്കുന്നതു് അനൗചിത്യമാണെന്നു കേശവനു് തോന്നിയെങ്കിലും, അതിനു പററിയ സന്ദർഭം അതു തന്നെയാണെന്നു അയാൾ തീർച്ചപ്പെടുത്തി. തന്റെ ആഗ്രഹത്തിനുമുന്നിലുള്ള വിലങ്ങുതടികളെയെല്ലാം ആദർശവാദിയായ രഘു വലിച്ചു മാററുമെന്നു് അയാൾക്കുറപ്പുണ്ടായിരുന്നു.

"രഘു," അയാൾ പറയാൻ തുടങ്ങി. "വളരെ നാളായിട്ടു നിങ്ങളോടു പറയണമെന്നുദ്ദേശിച്ചു കൊണ്ടിരുന്ന ഒന്നു്, പറയാൻ പോകയാണു്. അതിപ്പോൾ പറയുന്നതിൽ വലിയ ഔചിത്യമൊന്നുമില്ലെന്നു് എനിക്കറിയാം. പക്ഷെ, നമ്മുടെ ആത്മാർത്ഥതയനുസരിച്ചു് പറയാമെന്നാണു് എനിയ്ക്കു തോന്നുന്നതു്"

"എന്താണു്? പറഞ്ഞോളു" രഘു പറഞ്ഞു.

"നിങ്ങളുടെ കഥ പോലെ തന്നെ ഒന്നാണതു്" കേശവൻ വളരെ പതിഞ്ഞമട്ടിൽ പറഞ്ഞു "ഞാനും നിങ്ങളുടെ സഹോദരിയും തമ്മിൽ സ്നേഹിച്ചു പോയി."

പെട്ടെന്നു് രഘുവിന്റെ മുഖഭാവം മാറി. കേശവൻ പറച്ചിൽ നിറുത്തി. രഘു ഇടിവെട്ടേററതു പോലെയിരുന്നു പോയി. അയാൾ സ്വപ്നത്തിൽ പോലും കരുതിയിരുന്ന ഒന്നല്ലായിരുന്നു അതു്. തന്റെ സഹോദരിയെ സംബന്ധിച്ചിടത്തോളം അങ്ങിനെയൊന്നു സംഭവിയ്ക്കുമെന്നു് അയാൾ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. കേശവനെ അയാൾ എങ്ങിനെ

കുററപ്പെടുത്തും? സഹോദരിയെ എങ്ങിനെ കുററപ്പെടുത്തും? അയാൾ വല്ലാതെ കുഴങ്ങി. യാതൊരു ബോധവുമില്ലാത്ത ഒരവസ്ഥയിൽ അയാൾ എത്തിച്ചേർന്നു. തല പുകയുന്നുവെന്നു പയാൾക്കു തോന്നി. ഒരക്ഷരം പോലും മിണ്ടാതെ രാഘു എഴുന്നേററു നടന്നു കളഞ്ഞു. താൻ സ്വപ്നം കാണുകയാണോ എന്ന് കേശവൻ സംശയിച്ചു.

* * * *

എട്ടു മാസങ്ങൾക്ക് ശേഷം കേശവന് ബോംബേയിൽ നിന്ന് ഒരെഴുത്തു വന്നു. അതിപ്രകാരമായിരുന്നു.

പ്രിയ സുഹൃത്തേ!

ഒരക്ഷരം പോലും മിണ്ടാതെ ആ പുഴവക്കത്തു വച്ച് താങ്കളുടെഅടുക്കൽ നിന്ന് എഴുന്നേററു പോന്ന എന്നെപ്പററി ഇപ്പോൾ മാത്രമായിരിയ്ക്കുമല്ലോ അറിയുന്നത്.

കഴിഞ്ഞു പോയ ആ കഥകൾ ഞാൻ ദിവസവുമോർക്കാറുണ്ട്. താങ്കളോട് എനിയ്ക്ക് വെറുപ്പോ പരിഭവമോ ഉണ്ടെന്ന് ഒരിയ്ക്കലും കരുതരുത്. താങ്കൾ എൻെറ മുൻപിൽ ഒരിക്കലും കുററക്കാരനല്ല. അങ്ങിനെയാണെങ്കിൽ ഞാൻ ജോർജ്ജിൻെറ മുൻപിലും യഥാർത്ഥ കുററക്കാരൻ തന്നെയായിരിയ്ക്കും. എൻെറ പരിതസ്ഥിതികളിൽ കൂടി ഞാൻ, ജോർജ്ജിൻെറ അന്നത്തെ നില വ്യക്തമായിക്കാണുന്നു. എന്നെപ്പോലെ ജോർജ്ജും, അയാളെപ്പോലെ ഞാനും, നിരപരാധിയാണ്. അന്ന് ഞാൻ ജോർജ്ജിനെ കുററപ്പെടുത്തിയതിന് ഈശ്വരനോട് മാപ്പു ചോദിക്കുന്നു. എന്നു വച്ച് അന്നത്തെ എൻെറ ആദർശവാദങ്ങൾ തെററാണെന്നല്ല പറയുന്നത്. അവയൊക്കെ നടപ്പിൽ വരേണ്ട ആദർശങ്ങൾ തന്നെയാണ്; പക്ഷേ, ഇന്ന് അത് സാദ്ധ്യമല്ല. സമുദായം ഇനിയും വളരേണ്ടിയിരിക്കുന്നു.

(പകപ്പ്വകാശം)

# വിശ്വവിഖ്യാതമായ ഒരു യോഗാത്മകകാവ്യം

(കെ. എം. ഡാനിയൽ, എം. എ.)

ആധുനിക പാശ്ചാത്യ സാഹിത്യം രണ്ട് അധിഷ്ഠാനങ്ങളിൽ അടിയുറച്ചു നില്ക്കുന്നു. ഹെലനിസം (Hellenism), ഹീബ്രൂയ്സം (Hebraism) എന്നിങ്ങനെ മാത്യു ആർനോൾഡ് അവയ്ക്കു നാമധേയങ്ങൾ നൽകിയിട്ടുണ്ട്. ഗ്രീക്കുകാരുടെ സാഹിത്യത്തിൻെറയും കലയുടെയും ജീവതന്തുവായ സംസ്കാര സമ്പത്താണു ഹെലനിസം; എബ്രായ സാഹിത്യത്തിൽ നിന്നും പാശ്ചാത്യലോകം കടഞ്ഞെടുത്ത സംസ്കാര വിശേഷം ഹീബ്രൂയ്സവും. പാശ്ചാത്യരുടെ തത്ത്വചിന്താപരവും സാന്മാർഗ്ഗികവുമായ ജീവിതത്തിൻെറ പ്രചോദക ശക്തിയായിത്തീർന്ന ഹീബ്രൂയ്സത്തിൻെറ നീരുറവ് എബ്രായ സാഹിത്യമത്രേ. വിപുലവുംഅമൂല്യവുമായ ഒരു സാഹിത്യസമ്പത്ത് എബ്രായക്ക് ഉണ്ടായിരുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. വിനാശത്തിൻെറ ദീർഘ ബാഹുക്കൾക്ക് അതിൽ ഒരു സിംഹഭാഗവും ദൃഷ്പ്രാപമായിരുന്നില്ല. എങ്കിലും കാലചക്രത്തിൻെറ അനേകം സംഭ്രമണങ്ങളെയും അതിജീവിക്കുവാനുള്ള ഭാഗ്യം ചില ഗ്രന്ഥങ്ങൾക്കു കൈവന്നു. വിശ്വവിസ്മാപകങ്ങളായ ആ കലാശില്പങ്ങളുടെ ഒരു പ്രദർശന ശാലയാണു ബൈബളിലേ പഴയ നിയമം. ഈ ഗ്രന്ഥ സമുച്ചയത്തെ വിജ്ഞന്മാർ മൂന്നായി വിഭജിച്ചിരിക്കുന്നു. കാവ്യപരം, ചാരിത്രികം, പ്രാവചനികം എന്നിങ്ങനെ.

കാവ്യപരമായ ഗ്രന്ഥസമുച്ചയ സൌധത്തിൻെറ തങ്കത്താഴികക്കുടമാണ് "ഉത്തമഗീതം." ഈ ചെറിയ കൃതിയുടെ പ്രണേതാവ് സോളമൻചക്രവർത്തിയാണെന്നു വിശ്വസിക്കപ്പെടുന്നു. * അദ്ദേഹം ഈ യോഗാത്മകകാവ്യത്തിൻെറ (Mystic poem) ഓരോപദത്തിലും ഓരോ സൌന്ദര്യ സമുദ്രത്തെ ഉപഗൂഹനം ചെയ്തിരിക്കുന്നു. കവിത്വംകൊണ്ടു മധുരിതമല്ലാത്ത ഒരൊററ ആശയമോ, വാക്യമോ, ശബ്ദമോ ഇതിലില്ലെന്നുള്ളതു് അത്ഭുതാവഹമാണ്. കഥാപാത്രങ്ങളുടെ സംസ്കാരത്തിനും ചിരപരിചിതങ്ങളായ പരിതഃസ്ഥിതികൾക്കും സർവഥാ അനുഗുണമാകുന്നു അവരുടെ സംഭാഷണം. ഇടയ യുവാവിൻെറ സംഭാഷണം സരളവും സ്വാഭാവികവുമാണെങ്കിൽ, സോളമൻ ചക്രവർത്തിയുടെ സംഭാഷണം സുതരാം പ്രൌഢവും സോപചാരവുമാണ്. കർത്താവിൻെറ ഔചിതീബോധം ഈ കാവ്യതല്ലജത്തെ ലോകോത്തരമായി ഉയർത്തുന്ന കനകസ്തംഭമായിത്തീരുന്നു. എന്തിനധികം? ഔചിത്യമാണു രസസിദ്ധമായ കാവ്യത്തിൻെറ ജീവാത്മ എന്ന ഭാരതീയ സിദ്ധാ

* സോളമൻെറ കൃതിയല്ല ഉത്തമ ഗീതംഎന്ന് വിശ്വസിക്കുന്നവരുമുണ്ട്.—ലേഖകൻ.

ന്തത്തെ സമർത്ഥിക്കുവാൻ ഇതിനെപ്പോലെ മറെറാരു കാവ്യത്തിനും കഴികയില്ല എന്നു തന്നെ പറയാം.

ഉത്തമ ഗീതത്തിൻെറ രൂപത്തെപ്പററി വേദപണ്ഡിതന്മാർക്കു രണ്ടു വിഭിന്നാഭിപ്രായങ്ങളുണ്ട്. എബ്രായ സമുദായത്തിൽ പ്രചാരപ്രാചുര്യം സമ്പാദിച്ചിരുന്ന ഗ്രാമീണഗാനങ്ങളുടെ ഒരു സമാഹാരമാകുന്നു ഈ ഗ്രന്ഥം എന്നാണ് ഒരഭിപ്രായം. വെററ്സ്റ്റീൻ, സ്റ്റെയിഡ്, ബുഡേ എന്നീ മൂന്നുപേർ ഈ അഭിമതത്തിൻെറ ചേരിയിൽ നില്ക്കുന്നു. എബ്രായ ജാതിയുടെ ഗ്രാമീണ ഗാനങ്ങളിൽ ചിലവയെ സമാഹരണം ചെയ്തു ആരോ ഒരാൾ, ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ഉത്തമ ഗീതമെന്ന ഗ്രന്ഥമാക്കി എന്ന് അവർ വിശ്വസിക്കുന്നു. യൂദന്മാരുടെ വൈവാഹികമഹത്തിൽ ഉത്തമ ഗീതത്തിലേ ഗാനങ്ങളോടു വളരെ അടുത്ത സാമ്യം വഹിക്കുന്ന ചില ഗീതങ്ങൾ ഇന്നും ആലപിക്കാറുണ്ടെന്നുള്ള വസ്തുത പ്രകൃതകൃതിയിലേ ചില ഭാഗങ്ങൾ വിഭിന്ന ഗാനങ്ങളെ പരസ്പരം സംയോജിപ്പിക്കുവാൻവേണ്ടി സമാഹാര കർത്താവ് രചിച്ച ചങ്ങലക്കണ്ണികളാണ് എന്ന അഭ്യൂഹം —എന്നിവയാണ് ഈ വിചിത്രാഭിപ്രായത്തിന് ഉപോദ്ബലകങ്ങൾ.

“ഉത്തമഗീതം” ഒരു നാടകീയ കാവ്യമായി പരിഗണിക്കപ്പെടാം എന്ന് രണ്ടാമത്തെ അഭിപ്രായം. എവാൾഡ്, ഹിററ്സിഗ്, ഡ്രൈവർ, ബ്രസ്റ്റൻ തുടങ്ങി അനവധി പണ്ഡിതന്മാർക്ക് ഈ അഭിപ്രായമാണ് സമ്മതം. ഗ്രന്ഥത്തിൽ രങ്ഗസൂചനകൾ ഒന്നുമില്ലെങ്കിലും, ഒരൊററ പ്രമേയത്തെ നാടകീയരീത്യാ, പ്രതിപാദിച്ചു പരിപോഷിപ്പിച്ചിട്ടുണ്ടെന്നു കാണുക വിഷമമല്ലെന്നും, കഥാപാത്രങ്ങളുടെ സംഭാഷണംകൊണ്ടു മാത്രം കഥയെ മുഖസന്ധി മുതൽ നിർവ്വഹണസന്ധി വരെ പ്രപഞ്ചനം ചെയ്തിരിക്കുന്നു വെന്നും മററുമാണ് അവർ ഉന്നയിക്കുന്ന ന്യായങ്ങൾ. ഉത്തമ ഗീതത്തിലേ ചില ഭാഗങ്ങൾ സമാഹര കർത്താവ് എഴുതിച്ചേർത്തവയാകുന്നു എന്ന അഭ്യൂഹം പോലും അതിൻെറ നാടകീയത്വത്തെ സമർത്ഥിക്കുവാൻ പോരും. കഥയ്ക്കു പുരോഗതിയും ഘടനയും നല്കുവാൻവേണ്ടിയായിരുന്നു സമാഹാരകർത്താവ് ചില ഭാഗങ്ങൾ സ്വയം എഴുതിച്ചേർത്തതു് എന്നു ബുഡേ വിചാരിക്കുന്നു. പുരോഗതി (Movement), ക്രിയ (Action) എന്നീ പദങ്ങൾ കൊണ്ടുതന്നെ, സമാഹാര കർത്താവ് കഥയെ നാടകീയമാക്കുവാൻ ശ്രമിച്ചതായി ബുഡേ ഉദ്ദേശിക്കുന്നു എന്നു നമുക്കു വിചാരിക്കാം. അങ്ങനെയെങ്കിൽ, ഇന്നു ബൈബിളിൽ കാണുന്ന ഉത്തമ ഗീതം ഒരു നാടകീയ കാവ്യമാണെന്നു വരുന്നതിൽ അസാങ്ഗത്യമില്ല. ഈ കൃതിയിലെ ചില പാട്ടുകളോടു സമാനങ്ങളായ പാട്ടുകൾ സിറിയയിലും പലസ്തീനിലും ഇന്നും നടപ്പുണ്ടെന്നുള്ള വസ്തുതയും ഈ അഭിപ്രായത്തിനു വിരുദ്ധമല്ല. എന്തുകൊണ്ടെന്നാൽ, പരമോത്കൃഷ്ട കാവ്യമായ ഉത്തമ ഗീതത്തിലേ ഗാനങ്ങളെ അനുകരിച്ചു് എബ്രായകവികൾ വിരചിച്ച പാട്ടുകളാണ് ഇന്ന് എബ്റായ നാട്ടിൽ പ്രചരിക്കുന്ന ആ ഗ്രാമീണ ഗാനങ്ങൾ എന്നു വരാമല്ലോ. മറിച്ച്, എബ്റായരുടെ ഗ്രാമീണഗാനങ്ങളിലെ ഭാവസുന്ദരങ്ങളായ അംശങ്ങളുമായി നിത്യപരിചയം സമ്പാദിച്ചിരുന്ന പ്രോജ്ജ്വല പ്രതിഭനായ ഏതോ ഒരു കവിവരേണ്യൻെറ ഉത്തമ ഗീതം, തിരിയിൽ നിന്നും കൊളുത്തിയ പന്തം പോലെ, ജനകാധിക ഗുണമായിത്തീർന്നു എന്നും വരാം. എബ്രായർക്ക് ഒരു നാട്യകല ഉണ്ടായിരുന്നു എന്നു വിചാരിക്കുവാൻ യുക്തികളില്ലെന്നും, തന്നിമിത്തം ഉത്തമഗീതം ഒരു നാടകീയ കാവ്യമല്ലെന്നുമുള്ള അഭിപ്രായവും ക്ഷോദക്ഷമമല്ല. ഈ അഭിപ്രായത്തിൽ, ഉത്തമഗീതം നാടകീയ കാവ്യമല്ല എന്ന സാമർത്ഥ്യാംശത്തെ ആശ്രയിച്ചു കൊണ്ടാണ് എബ്റായർക്കു നാടകങ്ങളേ ഉണ്ടായിരുന്നില്ലെന്നുള്ള സമർത്ഥകാംശത്തിൻെറ നില. തന്നിമിത്തം ഈ വാദഗതി താർക്കിക നിയമവിരുദ്ധമാണെന്നു പറയേണ്ടിയിരിക്കുന്നു. അത്രതന്നെയുമല്ല, അതിവിപുലമായിരുന്ന എബ്രായ സാഹിത്യത്തിൽ നിന്നും ഇന്നു നമുക്കു ലഭിച്ചിട്ടുള്ളതു് ബൈബിളിലേ ഗ്രന്ഥങ്ങൾ മാത്രമാണ്. അനേകം എബ്റായ സാഹിത്യഗ്രന്ഥങ്ങൾ കാലത്തിൻെറ യവനികയ്ക്കപ്പുറത്തായിപ്പോയി. ഏതു സാഹിത്യത്തെയും പരാമർശിക്കുന്ന പരമാർത്ഥമാണല്ലോ ഇതു്. ബൈബിൾ ഗ്രന്ഥങ്ങളിൽ ലക്ഷണം തികഞ്ഞ നാടകീയ കാവ്യമാണ് ഉത്തമ ഗീതം എന്നു ശഠിക്കുന്ന പക്ഷം എബ്റായർക്കു നാടകങ്ങളേ ഉണ്ടായിരുന്നില്ല എന്ന് അഭിപ്രായപ്പെടുവാൻ യാതൊരു തെളിവുകളും ലഭിക്കുന്നതല്ല. കൂടാതെ യോബിൻെറ പുസ്തകത്തിലും മററും നാടകീയ രീതിയിലുള്ള കഥാഘടനകളും സംഭാഷണങ്ങളും നമുക്കു കാണുവാൻ കഴിയും. അതുകൊണ്ട്, നാടകകല എബ്രായർക്ക് തീരെ അജ്ഞാതമായിരുന്നില്ല എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ, ഉത്തമഗീതം ഒരു നാടകീയ കാവ്യമാണ് എന്ന് അഭിപ്രായത്തിൻെറ അധിഷ്ഠാനം ബലിഷ്ഠം തന്നെയാണ്. “Lily among the thorns” എന്ന പുസ്തകത്തിൽ ഡോ. ഗ്രിഫിത്ത് എന്ന പണ്ഡിതൻ ഉത്തമ ഗീതത്തെ അംഗങ്ങളും രംഗങ്ങളുമായി സയുക്തികം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

## II

പ്രകൃതിയുടെ രൂപം എന്നപോലെ തന്നെ അർത്ഥവും വിവാദവിധേയമായ ഒരു വിഷയമാണ്. ഉത്തമ ഗീതം ഭക്തസമുദായവും ഈശ്വരനും തമ്മിലു



ള്ള അലൗകിക പ്രേമത്തെ പ്രപഞ്ചനം ചെയ്യുന്നു എന്ന് ഒരു കൂട്ടരും, കേവലം ലൗകികമെങ്കിലും പരമോജ്ജ്വലവും പരിപാവനവുമായ ദാമ്പത്യ പ്രണയത്തെ പ്രതിപാദിക്കുന്നു എന്നു മറ്റൊരു കൂട്ടരും വാദിക്കുന്നു. അതി പ്രാചീനന്മാരായ വേദവ്യാഖ്യാതാക്കൾ ഇവരിൽ ഒന്നാമത്തെ പക്ഷക്കാരാണ്. ഉത്തമഗീതത്തിലേ നായിക ഇസ്രയേലിന്റെ ബിംബം (Symbol) ആണെന്നും നായകൻ യഹോവായുടെ ബിംബമാണെന്നും തന്നിമിത്തം ഇസ്രയേലിന്നു യഹോവായുമായുള്ള ബന്ധമാണ് ഉത്തമഗീതത്തിന്റെ ജീവചൈതന്യമെന്നും യൂദ മതാനുയായികൾ വിശ്വസിച്ചിരുന്നു. ഉത്തമ ഗീതത്തെപ്പററിയുള്ള ഈഗൂഢാർത്ഥ കല്പനം സ്വല്പം ഭേദഗതിയോടുകൂടി പുരാതന ക്രിസ്തുമതത്തിലേക്കു സംക്രമിച്ചു. ഉത്തമ ഗീതനായിക ഭക്തസമുച്ചയമായ ക്രിസ്തുസഭയോ, അഥവാ ഭക്തനോ ആണെന്നും നായകൻ സഭാസ്ഥാപകനായ ക്രിസ്തുവാണെന്നുമായിരുന്നു ക്രൈസ്തവരായ വേദപണ്ഡിതന്മാരുടെ വ്യാഖ്യാനം. ഇവരിൽ പുരോഗൻ ഒറിജൻ (Origen) എന്ന ഒരു പണ്ഡിതനാണ് മദ്ധ്യദശയിലെ ഐറോപ്യ യോഗികളെല്ലാം ഒറിജന്റെ അഭിപ്രായത്തെ അനുപദം അംഗീകരിച്ചിരുന്നു. കത്തോലിക്കാസഭയും നവീകരണ സഭകളും ഇക്കാര്യത്തിൽ ഒരേ വീക്ഷണകോടിതന്നെയാണ് അവലംബിച്ചത്. ബർനാർഡ് (Bernard) എന്ന വിശ്രുതൻ, ഉത്തമഗീതം മൂന്നാമദ്ധ്യായം ഒന്നാമത്തെ വാക്യം വരെയുള്ള ഭാഗത്തെ അടിസ്ഥാനമാക്കി എൺപത്തിയാറു പ്രസംഗങ്ങൾ നിർവ്വഹിക്കയുണ്ടായി. മാട്ടിൻ ലൂഥർ ഉത്തമഗീതത്തിന്റെ യോഗാത്മകാർത്ഥത്തെ(Mystical Sense) ചോദ്യം ചെയ്തിരുന്നില്ല. ഇങ്ങനെ ഉത്തമഗീതം ഒരു യോഗാത്മക കാവ്യമാണ് എന്നുള്ള അഭിപ്രായം വേദവ്യാഖ്യാതാക്കളുടെ ഇടയിൽ സ്ഥിരപ്രതിഷ്ഠിതമായിത്തീർന്നു. എന്നാൽ ക്രി. പതിനെട്ടാം ശതകത്തിൽ ജേക്കോബി(J. C. Jacobi)എന്നൊരാൾ പരിപൂതവേദനിയ മാനുസൃതവും കേവലം ലൗകികവുമായ ഭാര്യാ ഭർത്തൃസ്നേഹം മാത്രമാണ് ഉത്തമ ഗീതത്തിലെ പ്രതിപാദ്യമെന്നും, അതിന്നു ഗൂഢാർത്ഥം കല്പിക്കുന്നതു് അനുചിതമാണെന്നും, യഥാർത്ഥമായ ലൗകിക പ്രേമത്തിന്റെ പരിപാവനത അനുവാചകഹൃദയത്തിൽ ദൃഢമുദ്രിതമാക്കണമെന്ന ഉദ്ദേശമാണ് ഉത്തമ ഗീതകാരനെ തത് കാവ്യനിർമ്മാണത്തിൽ പ്രചോദിപ്പിച്ചതെന്നും സ്ഥാപിക്കുവാൻ ശ്രമിച്ചു. അതോടുകൂടി പുരാതനമായ ആ അഭിപ്രായമണിസൌധം ഇടിഞ്ഞു പൊളിഞ്ഞു തകർന്നു് നാമാവശേഷമായിത്തീർന്നു. ആധുനികന്മാരായ വേദവ്യാഖ്യാതാക്കൾ ജേക്കോബിയുടെ അനുയായികളാണ്. റോഥ്സ്റ്റീൻ, ജോർഡൻ, ഗ്രിഫിസ് എന്നിങ്ങനെ നീണ്ടുപോകും അവരുടെ പേരുവിവരം. ഇങ്ങനെ ഉത്തമഗീതം ഒരു യോഗാത്മക കാവ്യമാണ് എന്നുള്ള അഭിമതത്തിന്റെ ചരമഗീതം പാടിക്കഴിഞ്ഞു എന്ന് അഭിമാനിക്കുന്ന ഇക്കാലത്തു് പ്രകൃത ഗ്രന്ഥം ഒരു യോഗാത്മക കാവ്യമാണോ എന്നു പുനശ്ചിന്തനം ചെയ്യുന്നതു രസാവഹമായിരിക്കുമെന്നു വിചാരിക്കുന്നു.

ഇതു് ഒരു പൌരസ്ത്യകവനമാണ്. ജടാമാംസി, സരപ്പൊളി, നാരകം, മാതള നാരങ്ങ, ചെറുമാ

(ശേഷം 19-ാം പേജിൽ)

ഉദയം

1948 ഫെബ്രുവരി 14-ാംനു-

ശനിയാഴ്ച

## സ്വതന്ത്രയായ സിലോൺ

നൂററിമുപ്പത്തിരണ്ടു വർഷങ്ങളായി ബ്രിട്ടീഷ് ഗവമെൺറിന്റെ അധീനതയിൽ ഭരിക്കപ്പെട്ടിരുന്ന സിലോൺ 1948 ഫെബ്രുവരി 10-ാംനു- ഒരു സ്വതന്ത്ര രാജ്യമായിത്തീർന്നിരിക്കുന്നു. ഇൻഡ്യയും പാക്കിസ്ഥാനും സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിച്ചതു് അടിമത്വത്തിൽ കിടന്ന മററു രാജ്യങ്ങൾക്കും സ്വാതന്ത്ര്യം ലഭിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിരുന്നു. സിലോണിനു മുമ്പേതന്നെ ബർമ്മാ സ്വതന്ത്രയായി. അപ്പോൾ സ്വതന്ത്രരായ രാജ്യങ്ങളിൽ വെച്ചു് ഏററവും ഇളയതാണ് സിലോൺ.

സിലോണിലെ കാൻഡിയൻ രാജവംശത്തിൻെറ ഭരണം അവസാനിച്ചതു് 1815ൽ ആയിരുന്നു. അന്നു മുതൽ ബ്രിട്ടീഷുകാർ അവരുടെ ഒരു കോളനിയായിട്ടാണ് സിലോണിനെ ഭരിച്ചിരുന്നതു്.

കേവലം വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി സിദ്ധമായ ഈ സ്വാതന്ത്ര്യോദയത്തിൽ സിലോണിലെ മഹാജനങ്ങളോടൊപ്പം ഭാരതീയരും സന്തോഷിക്കുന്നുണ്ടു്. ബോധിവൃക്ഷത്തിൻെറ കൊമ്പുകളുമായി ശ്രീ അശോകൻ ബുദ്ധസന്യാസിമാരെ സിലോണിലേക്കയച്ചതായി ചരിത്രം ഉൽഘോഷിക്കുന്നു. ഭാരതത്തിൻെറ പിതാവായ മഹാത്മജിയുടെ ചിതാഭസ്മം സിലോണിലേക്ക് ആവശ്യപ്പെട്ടതനുസരിച്ചു് അയച്ചിട്ടുണ്ടു്. മഹാത്മജിയുടെ ആദർശങ്ങളോടും ഉപദേശങ്ങളോടും സിലോൺകാർക്കുള്ള ബഹുമാനത്തെയാണ് ഇതു സൂചിപ്പിക്കുന്നതു്. സ്വതന്ത്രയായ സിലോൺ ഇൻഡ്യയുമായി പരിപൂർണ്ണ സൗഹാർദ്ദത്തിലും സഹകരണത്തിലും വർത്തിക്കുമെന്ന് നമുക്ക് ദൃഢമായി വിശ്വസിക്കാം. സിലോണിൻെറ സ്വാതന്ത്ര്യ ലബ്ധിയിൽ അവിടത്തെ മഹാജനങ്ങളേയും പ്രധാന മന്ത്രിയായ ഡി. എസ്സ്. സേനാനായകനെയും ഹാർദ്ദവമായി അനുമോദിച്ചു കൊള്ളുന്നു.

—:o:—

## ജപ്പാനിലെ മന്ത്രിസഭയുടെ രാജി

ജപ്പാനിലെ പ്രധാന മന്ത്രിയായിരുന്ന ചട്ടായാമായുടെ ക്യാബിനററ് രാജിവെച്ചിരിക്കുന്നു. ഭരണനേതാക്കന്മാരിലൊരാൾ ഐക്യകക്ഷിക്കെതിരായി കഴിഞ്ഞ യുദ്ധകാലത്തു പ്രവർത്തിച്ചിരുന്നതു കൊണ്ടു് അദ്ദേഹത്തെ നിഷ്കാസനം ചെയ്യേണ്ടിവന്നതിനെ തുടന്നാണ് ചട്ടായാമായുടെ ഭരണസമിതി രാജിസമപ്പിച്ചിട്ടുള്ളതു്. ഈ അവസരത്തിൽ ജപ്പാൻെറ താൽക്കാലിക പരിതസ്ഥിതികളെപററി ചിന്തിക്കേണ്ടതു് ആവശ്യമാണല്ലൊ.

യുദ്ധം അവസാനിച്ചിട്ടു് രണ്ടു വർഷം കഴിഞ്ഞു വെങ്കിലും ജപ്പാനും ഐക്യകക്ഷികളുമായുള്ള സമാധാന ഉടമ്പടി ഇതുവരെയും ഉണ്ടാക്കിയിട്ടില്ല. ഐക്യകക്ഷികൾ തമ്മിലുള്ള അഭിപ്രായഭിന്നതയാണ് ഇതിനു കാരണം. യുദ്ധാനന്തരം ജപ്പാൻെറ ഭരണകാര്യങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നതു് അമേരിക്കയിലെ സൈനീകോദ്യോഗസ്ഥന്മാരാണ്. അവിടത്തെ ഭരണവും നിയമ സൃഷ്ടിയുമെല്ലാം അമേരിക്കയുടെ അഭീഷ്ടാനുസരണമാണ്. ജപ്പാനെപ്പോലെയുള്ള ഒരു രാജ്യത്തിൻെറ ഭാവിശ്രേയസ്സ് അതിൻെറ വ്യവസായത്തേയും വാണിജ്യത്തേയും ആശ്രയിച്ചാണിരിക്കുന്നതു്. വാണിജ്യവും വ്യവസായവും അഭിവൃദ്ധിപ്പെടണമെങ്കിൽ രാഷ്ട്രീയമായ സ്വാതന്ത്ര്യവും യോജിപ്പും അത്യന്താപേക്ഷിതമാണ്. അതിനു വിഘാതമായി നില്ക്കുന്ന രാഷ്ട്രങ്ങൾ ഈ പരമാർത്ഥം മനസ്സിലാക്കി ജപ്പാൻെറ ഭാവി ഭാസുരമാക്കിത്തീർക്കുന്നതിന് സുഗമമായ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതു് ലോകസമാധാനത്തിനും ക്ഷേമത്തിനും അത്യാവശ്യമാണ്.

---

**മി. ഗോൾവല്ക്കർ വധത്തെ അധിക്ഷേപിക്കുന്നു.**

നാഗപൂർ. ഫെ. 5

രാഷ്ട്രീയ സ്വയം സേവക് സംഘത്തിൻെറ മേധാവിയായ മി. ഗോൾവല്ക്കർ അറസ്റ്റ് ചെയ്യപ്പെടുന്നതിനു മുമ്പ് മഹാത്മാഗാന്ധിയുടെ മൃഗീയമായ വധത്തെ അധിക്ഷേപിക്കുകയുണ്ടായി. ഈ ഘോരകൃത്യം ഒരു ഹിന്ദു നടത്തിയെന്നുള്ളതു് ഏററവും വ്യസനകരവും ലജ്ജാകരവുമായിരിക്കുന്നു എന്നും ഇതുപോലെയുള്ള ദുർഘടഘട്ടങ്ങളിൽ മഹാത്മജിയെപ്പോലെയുള്ള ഒരു വലിയ സമാധാന വാദിയേയും ഐക്യകാരകനെയും നാട്ടിന് അത്യാവശ്യമായിരിക്കുന്നു എന്നും ഈ പ്രവർത്തി അക്ഷന്തവ്യമായ ഒരു ദേശീയദ്രോഹമാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ ദുഃഖസംഭവത്തിൽ അദ്ദേഹം അത്യധികം ഖേദം പ്രകടിപ്പിച്ചു.

# രാഷ്ട്രീയ പ്രസംഗങ്ങളിൽ വ്യക്തിവിദ്വേഷമോ?

( കെ. വി. സക്കറിയാ )

അടുത്ത കാലത്ത് മി. മന്ദത്തു പത്മനാഭപിള്ള പുറപ്പെടുവിച്ച പ്രസ്താവന രാഷ്ട്രീയ കാര്യങ്ങളിൽ തല്പരരായ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ജനങ്ങൾ കണ്ടിരിക്കും. നിശിത വിമർശനങ്ങൾക്ക് പാത്രീഭൂതമായ ആ പ്രസ്താവനയെ കൂടുതൽ വിമർശിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ സ്റ്റേററു കോൺഗ്രസിലെ ഇന്നത്തെ ഒരു പ്രമുഖ നേതാവായ മി. മന്ദം ഈ വിധത്തിലുള്ള ഒരു അക്രമ പ്രസക്തമായ പ്രസ്താവന പുറപ്പെടുവിച്ചതിൽ സഹതപിക്കാതെ നിർവ്വാഹമില്ല.

മി. മന്ദം സ്റ്റേററു കോൺഗ്രസിലെ ഒരു പുതു ക്രിസ്ത്യാനി ആണെങ്കിലും പൊതു ജീവിതത്തിൽ വളരെ കൊല്ലത്തെ പഴക്കമുള്ള ഒരു വ്യക്തിയാണ്; നിരവധി യുദ്ധങ്ങളിലെ സാരഥിയാണ്. വളരെ കൊല്ലത്തെ പൊതു ജീവിതം കൊണ്ട് അദ്ദേഹം പലരാലും ബഹുമാനിക്കപ്പെടുന്നു; വിശ്വസിക്കപ്പെടുന്നു. അദ്ദേഹം സ്റ്റേററു കോൺഗ്രസിലെ ഒരു സജീവ പ്രവർത്തകനായി ജീവിതം തുടങ്ങിയപ്പോൾ, അദ്ദേഹത്തെ വിശ്വസിച്ചിരുന്നവരുടെ സ്നേഹവിശ്വാസാദികൾ ഇരട്ടിക്കുകയും മററു പലരും ആശയോടു കൂടി അദ്ദേഹത്തെ വീക്ഷിക്കുകയും ചെയ്തു. അങ്ങനെ പൊതുജന വിശ്വാസം ആർജ്ജിച്ചിട്ടുള്ള ഒരു നേതാവാണ് ഇത്ര നിന്ദ്യമായ തരത്തിൽ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നത്. തന്നെയല്ല അദ്ദേഹം ഇന്ന് നില്ക്കുന്ന സംഘടന അക്രമരാഹിത്യാധിഷ്ഠാനത്തിൽ, ജന്മമെടുത്തിട്ടുള്ളതാണ്. മഹാത്മാ ഗാന്ധിയുടെ ആ വിശിഷ്ട മന്ത്രത്തെ പ്രമാണമായി സ്വീകരിച്ചിട്ടുള്ളവരാണ്, അതിലെ നേതാക്കന്മാർ അധികംപേരും. ലോകം ഇന്ന് ആരുടെ വേർപാടിൽ വിലപിച്ചു കൊണ്ടു കഴിയുന്നുവോ ആ മഹാത്മനെ ഗുരുവായി സ്വീകരിച്ച് അദ്ദേഹത്തിന്റെ അക്രമരാഹിത്യ സിദ്ധാന്തത്തെ മുറുകെ പിടിച്ചു കഴിയുന്ന സംഘടനയിലെ ഒരു പ്രധാന അംഗമായ മി. മന്ദത്തിന്റെ ഏതാദൃശ പ്രസ്താവന ആ ഋഷിവര്യന്റെ ആത്മാവിനെ വേദനിപ്പിക്കും എന്ന് മി. മന്ദം മനസ്സിലാക്കേണ്ടതാണ്. തിരുവിതാംകൂർ സ്വാതന്ത്ര്യ സമരത്തിന്റെ ചുക്കാൻ തിരിച്ചത് ആ മഹാത്മാവായിരുന്നു. ആ മഹാ നേതാവിന്റെ കാൽച്ചുവടുകളെ അച്ചടക്കത്തോടുകൂടി പിൻതുടരാതെ അദ്ദേഹത്തിന്റെ മഹത്തായ ഉപദേശങ്ങളിൽ നിന്നും വ്യതിചലിക്കയാണെങ്കിൽ അതു് കൊടിയ കൃതഘ്നതയായിരിക്കും സംശയമില്ല. മി. ശ്രീകണ്ഠൻ നായരും, മി. ടി. വി. തോമസും മി. പി. ററി. പുന്നൂസും മററും കാലുമാറിപ്പോയെങ്കിലും അവർ സ്റ്റേററു കോൺഗ്രസിനുവേണ്ടി മി: മന്ദം പ്രവർത്തിച്ചിട്ടുള്ളതിൽ വളരെയധികം പ്രവർത്തിച്ചിട്ടുള്ളവരും യാതനകൾ സഹിച്ചിട്ടുള്ളവരുമല്ലേ? സ്റ്റേററു കോൺഗ്രസിന്റെ ആരംഭകാലം മുതൽ അതിൽ നിലനിന്നു വന്ന ഒരാളാണ് ഇപ്രകാരം ഒരു പ്രസ്താവന പുറപ്പെടുവിച്ചിരുന്നതെങ്കിൽ അതു കുറച്ചുകൂടെ നീതീകരിക്കാമായിരുന്നു. ശ്രീകണ്ഠൻ നായരെ ശിഖണ്ഡിയായും പി. ററി. പുന്നൂസിനെ പട്ടിയായും മി. മന്ദം പറഞ്ഞാലും തിരുവിതാംകൂർ രാഷ്ട്രീയ രംഗത്ത് അവർക്കുള്ള സ്ഥാനം പൊതുജനങ്ങൾക്കു ശരിയായി അറിയാം. മി. പട്ടം താണുപിള്ളയോ ററി. എം. വറുഗീസോ മററുള്ളവരെ അധിക്ഷേപിച്ച് ഇതു പോലെ പറയുമെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. അവർ ഇതുവരെയും എതിർ പക്ഷത്തുള്ള ആളുകളുടെ വ്യക്തിത്വത്തെ സ്പർശിക്കുന്ന പ്രസ്താവനകൾ പുറപ്പെടുവിച്ചു കണ്ടിട്ടില്ല. മി. മന്ദം ഈദൃശങ്ങളായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതുമൂലം അവരെക്കൂടി ദ്രോഹിക്കുകയാണ് ചെയ്യുന്നത്. അവരെ മാത്രമല്ല സ്റ്റേററുകോൺഗ്രസിനെത്തന്നെ ദുഷിപ്പിക്കുകയാണ് ചെയ്യുന്നത്. മററു സംഘടനകളിൽ നില്ക്കുന്ന ആളുകളെ പട്ടിയും പൂച്ചയും ആക്കി കാണിച്ചിട്ടല്ല സ്റ്റേററു കോൺഗ്രസിനെ സേവിക്കേണ്ടത്. അങ്ങനെയുള്ള സേവനം ആ സംഘടനയെ നശിപ്പിക്ക പോലും ചെയ്തേക്കും. താനുംകൂടി ഉൾപ്പെട്ടു നിന്നിരുന്ന തിരുവിതാംകൂർ നാഷണൽ കോൺഗ്രസിന്റെ അപഹാസ്യമായ അവസാനം കൊണ്ടെങ്കിലും മി. മന്ദം ആ പരമാർത്ഥം മനസ്സിലാക്കേണ്ടതായിരുന്നു. ഈ രാജ്യത്ത് ഇനി വർഗ്ഗീയത ഉണ്ടാകുകയില്ല. വർഗ്ഗീയതയെ വളർത്തുന്ന സകല സംരംഭങ്ങളെയും എതിർക്കുന്നതാണെന്ന് ഈ ദേവാലയത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് ഞാൻ ശപഥം ചെയ്യുന്നു എന്നും മററും പ്രസംഗിച്ചത് മി. മന്ദം ഇത്രവേഗം മറന്നുപോയോ? സ്റ്റേററു കോൺഗ്രസിനെ യഥാർത്ഥമായി സ്നേഹിക്കുന്ന ഒരു വ്യക്തിയാണ് മി. മന്ദമെങ്കിൽ അദ്ദേഹം ഇനിയെങ്കിലും വളരെ സൂക്ഷിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മന്ദത്തിന്റെ പ്രസ്താവനക്കു മി. ശ്രീകണ്ഠൻ നായർ പുറപ്പെടുവിച്ച മറുപടിയും ഒട്ടും അഭി

ലക്ഷണീയമല്ല. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നുള്ള തരത്തിലാണ് അതിന്റെയും ഗതി. അദ്ദേഹം പറയുന്നു "മി. കമ്പളത്തിന്റെ പാങ്ങപ്പാറ പ്രസംഗത്തിനു ശേഷം നേമത്തെ യോഗത്തിൽ വെച്ച് സ: കുഞ്ഞുകൃഷ്ണനെയും മററും കാൺഗ്രസ്സുകാർ ദേഹോപദ്രവമേല്പിച്ചു" എന്ന്. മി. കമ്പളത്തിന്റെ ആ പ്രസംഗമാണ് കുഞ്ഞുകൃഷ്ണന്റെ ദേഹോപദ്രവത്തിനു കാരണമെന്ന് മി. ശ്രീകണ്ഠൻ നായർ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ? മി. ടി. എം. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ കോട്ടയത്തു വച്ചു കൂടിയ യോഗം അലങ്കോലപ്പെടുത്തിയതു് ആരാണ്? കെ. എസ്. പി. ക്കാരുടെ നേമത്തെ യോഗത്തിൽ ഉണ്ടായ അനാശാസ്യസംഭവങ്ങളെ ഇത്രയധികം പ്രചരിപ്പിക്കുന്ന ശ്രീകണ്ഠൻ നായരും പാർട്ടിയും കോട്ടയം സംഭവത്തെക്കുറിച്ച് എന്തു സമാധാനമാണു പറയുന്നതു്? യോഗങ്ങൾ അലങ്കോലപ്പെടുത്തുന്നവരെ അപലപിച്ചുകൊണ്ടു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട് എന്നുള്ളതു് ശരി തന്നെ. അക്രമങ്ങൾ പ്രവർത്തിക്കുന്നതിനെ സ്റ്റേററു കോൺഗ്രസ്സുകാർ മുമ്പുതന്നെ അധിക്ഷേപിച്ചിട്ടുണ്ട്. ശ്രീകണ്ഠൻ നായർ തുടരുന്നു. "തുടർന്നുണ്ടാകുന്ന ഏതു സംഭവവികാസങ്ങൾക്കും സ്റ്റേററുകോൺഗ്രസ്സ് നേതൃത്വം ഉത്തരവാദിത്വം വഹിക്കേണ്ടിവരും". അതെങ്ങനെയാണെന്നാണ് മനസ്സിലാകാത്തതു്. 114ലും അതിനുശേഷവും രാജ്യത്തു നടന്ന അഴിമതികൾക്കെല്ലാം സർ, സി. പി. സ്റ്റേററു കോൺഗ്രസ്സിനെ ഉത്തരവാദപ്പെടുത്തിയതുപോലെ മാത്രമല്ലേ ഈ ഉത്തരവാദപ്പെടുത്തലിന് അർത്ഥമുള്ളു. മി. ശ്രീകണ്ഠൻ നായർ ഒരു പാർട്ടിയുടെ ലീഡറാണ്. അദ്ദേഹമാണ് ഈ പ്രസ്താവന പുറപ്പെടുവിക്കുന്നതു് എന്നോർക്കേണ്ടതാണ്. തൊടുന്ന സർവ്വത്തിനും മററു സംഘടനകളെ ഉത്തരവാദപ്പെടുത്തുകയും കുററപ്പെടുത്തുകയും ചെയ്യുന്ന പതിവ് നിർത്തുവാൻ ഇനിയും സമയമായിട്ടില്ലേ? സുസമ്മതരായ സ്റ്റേററുകോൺഗ്രസ്സ് നേതാക്കന്മാരെല്ലാം അക്രമകാരികളാണെന്ന് പറഞ്ഞുപരത്തി പൊതുജനപ്രീതി സമ്പാദിക്കുവാൻ ശ്രമിക്കുന്നതു് ഒട്ടും ശരിയല്ല. ആത്മാർത്ഥമായ പ്രവർത്തനംകൊണ്ടും യഥാർത്ഥമായ പൊതുജന സേവനംകൊണ്ടുമാണ് അനുയായികളെ സമ്പാദിക്കേണ്ടതു്. അല്ലാതെ തീപ്പൊരി പ്രസംഗംകൊണ്ടോ "കോൺഗ്രസ്സിനു വോട്ടു ചെയ്തില്ലെങ്കിൽ കുടിയിറക്കുമോ? പാവപ്പെട്ടവർ പരിഭ്രാന്തരായിരിക്കുന്നു" എന്നും മററും പറഞ്ഞു സാധുക്കളെ പ്രലോഭിപ്പിച്ചോ അല്ല, താല്ക്കാലികമായി ചില്ലറ ഗുണം അതുകൊണ്ടു സിദ്ധിക്കുമെങ്കിലും ഭാവിക്ക് അതു വളരെ ദോഷത്തെ ചെയ്യും. കുടിയിറക്കലും വസ്തുതർക്കവും മററും ഈ വോട്ടെടുപ്പോടുകൂടി മാത്രം ഉണ്ടായിട്ടുള്ളതാണോ? ഇതു ശരിയായി അറിയാവുന്ന ആളാണ് മി. ശ്രീകണ്ഠൻ നായർ. അപ്പോൾ പിന്നെ ഇത്തരം പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിന്റെ അർത്ഥം എന്ത്?

തിരുവിതാംകൂറിൽ ഉത്തരവാദഭരണം പ്രഖ്യാപിച്ചുകൊണ്ടുള്ള തിരുവെഴുത്തു വിളംബരം ഉണ്ടായപ്പോൾ എല്ലാവരും സന്തോഷിച്ചു. വെടിവെപ്പും കൊള്ളിവെപ്പും, ബഹളവും അവസാനിച്ചുവെന്ന് പലരും സമാധാനിച്ചു. എന്നാൽ അതൊരു വെറും വ്യാമോഹമായിട്ടാണോ തീരുവാൻ പോകുന്നതു്? തിരുവിതാംകൂർ വീണ്ടും ഒരു വിപ്ലവത്തിലേക്കോ ഗമിക്കുന്നതു് അഭിപ്രായവ്യത്യാസം ഉണ്ടാകാം. നാടിന്റെ ശാന്തമായ പുരോഗതിയെ സാരമായി സ്പർശിക്കുന്ന വിപ്ലവത്തിലേക്കു ഇനി വേണാടിനെ വലിച്ചിടുന്നതു് വളരെ സൂക്ഷിച്ചു ചെയ്യേണ്ട ഒരു കാര്യമാണ്. ആങ്ങേ അററംവരെ ക്ഷമിക്കുവാൻ തയ്യാറാണെന്നു പറയുന്ന മി. ശ്രീകണ്ഠൻ നായർ അങ്ങേഅററംവരെത്തന്നെ ക്ഷമിക്കുമെന്നു വിശ്വസിക്കട്ടെയോ?

---

ബാപ്പുജി ഏതു് ആദർശങ്ങളുടെ സാക്ഷാത്കാരത്തിനുവേണ്ടി ജീവിച്ചുവോ
ആ ആദർശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക.

ദേവദാസ് ഗാന്ധിയുടെ ഹൃദയസ്പൃക്കായ അഭ്യർത്ഥന.

ഭാവി അന്ധകാരപൂർണ്ണമാണെന്നു പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. ഒരു പ്രവാചകനല്ലാതെ ഭാവിയെക്കുറിച്ച് ഖണ്ഡിതമായി പറയുവാൻ ആർക്കു കഴിയും. നാം ഇപ്പോൾ അന്ധകാരത്തിലാണ്, സംശയമില്ല. ബാപ്പു ജീവിക്കയും മരിക്കയും ചെയ്ത ആദർശങ്ങൾക്കുവേണ്ടി നാം ജീവിക്കയാണെങ്കിൽ ഭാവി അതിഭാസുരമാണ്." എന്നിപ്രകാരമാണ് ഇന്നലെ രാത്രിയിൽ മഹാത്മജിയുടെ ഇളയ പുത്രനായ ദേവദാസ് ഗാന്ധി പ്രക്ഷേപണം ചെയ്ത പ്രസ്താവിച്ചതു്. അദ്ദേഹം തുടർന്നു. "മററു് അനാഥരോടൊപ്പം വ്യസനത്തിന്റെയും മനോവിചാരത്തിന്റെയും പങ്കു പ്രത്യേകരീതിയിൽ നേരിട്ടു കൈപ്പററുവാൻ നിർബ്ബന്ധിതനായ ഒരനാഥബാലനെപ്പോലെയാണ് ഞാൻ സംസാരിക്കുന്നതു്. നമ്മെ ആവരണം ചെയ്തിരിക്കുന്ന അന്ധകാരത്തിന് ഭേദബുദ്ധിയില്ല. ശാരീരികമായും മാനസികമായും കഴിഞ്ഞ വെള്ളിയാഴ്ച സായന്തനത്തിന് ശേഷം ഉണ്ടായ പിളർപ്പ് എനിക്കുമാത്രം പ്രത്യേകമായി ഉണ്ടായതല്ലെന്ന് എനിക്കറിയാം. എത്ര ഗാഢമായി ഞാൻ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു എന്നും അദ്ദേഹം എങ്ങനെ എന്നെ സ്നേഹിച്ചിരുന്നു എന്നും ഈശ്വരനു മാത്രമെ അറിഞ്ഞുകൂടൂ. എനിക്ക് 20 വയസ്സു പ്രായ

മായിരുന്നപ്പോൾ പ്രത്യേക പഠനത്തിനായി ഞാൻ ബനാറീസിലേക്ക പോകുവാൻ ഭാവിക്കവെ അദ്ദേഹം എന്റെ ശിരസ്സിൽ ചെയ്ത കുളിർമ്മയേറിയ ചുംബനം ഞാൻ ഇപ്പോഴും സ്മരിക്കുന്നു. അതല്ലാതെ അദ്ദേഹം എന്നെ ചുംബിച്ചതായി ഞാൻ ഓക്കുന്നില്ല. അദ്ദേഹം ഡൽഹിയിലുണ്ടായിരുന്ന കഴിഞ്ഞ ചുരുങ്ങിയ മാസങ്ങളിൽ അദ്ദേഹത്താൽ വാത്സല്യപൂർവ്വം ലാളിക്കപ്പെടുവാനുള്ള ഭാഗ്യം എന്റെ മൂന്നു വയസ്സുള്ള കുട്ടിക്കുണ്ടായി. ഞങ്ങൾ ബർള മന്ദിരത്തിലേക്ക് ചെല്ലുവാൻ താമസിക്കുമ്പോൾ അദ്ദേഹത്തിന്ന് എന്നെക്കാളധികം ഗോപുവിന്റെ അസാന്നിദ്ധ്യമാണ് ഉൽക്കണ്ഠാകുലമായിരുന്നത്. അവന്റെ വല്യഛൻ അവനെ വിളിക്കുമായിരുന്ന രീതി അവൻ ചുണ്ടുകൊണ്ടു കാണിക്കുമ്പോൾ ഞങ്ങളുടെ കണ്ണുകളിൽ അശ്രുനിറയുന്നു.

അദ്ദേഹം മരിച്ച് അരമണിക്കൂർ കഴിഞ്ഞപ്പോൾ ഞാൻ അടുത്തുചെന്നു. അദ്ദേഹത്തിന്റെ താണ കട്ടിലിൽ സാധാരണ ഉറങ്ങാൻ കിടക്കുന്നതുപോലെ അദ്ദേഹം അംബയുടെ മടിയിൽ തലയും വെച്ച് ശയിച്ചിരുന്നു. പണ്ഡിററു നെഹ്രുവും സർദാർ പട്ടേലും അടുത്ത് നിശബ്ദരായി ഇരുന്നിരുന്നു. മററനേകർ കീർത്തനങ്ങൾ പാടുവാൻ ശ്രമിക്കുന്നതിനിടയിൽ വിങ്ങിവിങ്ങി കരഞ്ഞുകൊണ്ടിരുന്നു.

ഞാൻ താമസിച്ചുപോയി. ക്ഷമിക്കുവാൻ ഞാൻ അദ്ദേഹത്തോടു യാചിച്ചു. നിഷ്ഫലമായ ഒരു യാചന. എന്റെ ചെറു കുററങ്ങളെ അദ്ദേഹം പലപ്പോഴും ക്ഷമിച്ചിട്ടുണ്ട്. ഈ അവസരത്തിലും അദ്ദേഹത്തിന്ന് എന്നിൽ ദയവുതോന്നുമെന്നും എന്നെ ഒരു നോക്ക ദശിക്കുമെന്നും ഞാൻ മൂഡതയോടെ ആശിച്ചു. അദ്ദേഹത്തിന്റെ ചുണ്ടുകൾ ഭദ്രമായി അടച്ചിരുന്നു, കണ്ണുകൾ ശാശ്വത നിദ്രയിൽ പൂട്ടപ്പെട്ടിരുന്നു, 'എന്നെ ഉപദ്രവിക്കരുത്' എന്ന് കൃത്യനിഷ്ഠയില്ലാത്ത ഒരു മകനോട് ദ്വേഷ്യത്തിലും എന്നാൽ ശകാരിച്ചല്ലാതെയും പറയുമ്പോലെ അദ്ദേഹത്തിന്റെ മുഖത്ത് ഒരു ശാന്തമായ ധൈര്യം പ്രകടമായിരുന്നു.

ആ സന്താപ നിമഗ്നമായ മുറിയിൽ പിതാവിന്റെ സവിധത്തിൽ ഞങ്ങൾ ഇരുന്നു. പ്രഭാതത്തിന്നു മുമ്പ് ആ മൂന്നു മുറിവുകളിൽ മാംസം വന്നുചേരുമെന്നും ബാപ്പു വീണ്ടും ജീവിക്കുമെന്നും ഞാൻ ആശിച്ചു. എന്നാൽ പ്രത്യേകമായി ഒന്നും സംഭവിക്കാതെ നിമേഷങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. ആ രാത്രി അവസാനിക്കരുതേ എന്ന് ഞാൻ അപ്പോൾ ആശിച്ചു.

ഈ ദുരിത നാടകത്തിന്റെ തലേ ദിവസം രാത്രി ബാപ്പുവുമായി ഏകനായി സംസാരിക്കുവാനുള്ള ഭാഗ്യം എനിക്ക കിട്ടി. പതിവുപോലെ അന്നും 9-30ന്ന് ഞാൻ ബാപ്പുവിന്റെ മുറിയിൽ ചെന്നു. അദ്ദേഹം കിടക്കുകയായിരുന്നു. രാവിലെയുള്ള ട്രെയിനിൽ വാർദ്ധായിലേക്ക പോകുന്നതിന്ന് ആശ്രമവാസികളിലൊരാൾക്ക നിർദ്ദേശംകൊടുത്തു കഴിഞ്ഞതേയുള്ളു. ഞാൻ മുറിയിലേക്ക പ്രവേശിച്ചയുടൻ എന്തെല്ലാമാണ് വിശേഷങ്ങൾ എന്ന് ബാപ്പു ചോദിച്ചു. ഞാൻ ഒരു പത്ര പ്രവത്തകനാണ് എന്ന് എന്നെ ഓമ്മിപ്പിക്കുന്നത് അദ്ദേഹത്തിന്റെ പതിവാണ്. എനിക്ക ഒരു വാത്തയും പറയാനുണ്ടായിരുന്നില്ല. ഞാനറിയേണ്ടതെല്ലാം ബാപ്പു പറഞ്ഞുതരുമായിരുന്നു. എന്നാലും ഞാൻ ചോദിച്ചു "രാജ്യമാകുന്ന കപ്പൽ എങ്ങനെ സഞ്ചരിക്കുന്നു" എന്ന്. അദ്ദേഹം പറഞ്ഞു "ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ നീങ്ങുമെന്ന് എനിക്കുറപ്പുണ്ട്. ഞാൻ വാർദ്ധായിൽനിന്നു തിരിച്ചു വരുന്നതുവരെ കാര്യങ്ങൾ താമസിക്കേണ്ടിവരും. അതിന്ന് അധിക താമസമുണ്ടായിരിക്കയില്ല. രാജ്യസ്നേഹികളാണ് ഗവണ്മെന്റിലുള്ളത്. രാജ്യത്തിന്റെ താല്പര്യങ്ങൾക്ക വിരുദ്ധങ്ങളായ ഒന്നും തന്നെ അവർ ചെയ്യുകയില്ല. എന്തെല്ലാമായാലും അവരെല്ലാവരുംകൂടി ഒരുമിച്ചു നില്ക്കണമെന്നും നില്ക്കുമെന്നും എനിക്ക നിശ്ചയമുണ്ട്. കാര്യമായ അഭിപ്രായ വ്യത്യാസം യാതൊന്നുമില്ല.

"ബാപ്പു ഇനിയും ഉറങ്ങാൻ പോവുകയല്ലേ എന്നു ഞാൻ ചോദിച്ചു. ധൃതിയൊന്നുമില്ല കുറച്ചു നേരംകൂടി സംസാരിക്കുന്നതിന്ന് വിരോധമില്ല, എന്ന് ബാപ്പു പറഞ്ഞു.

ഏതാനും ദിവസങ്ങൾക്ക മുമ്പ് ഇതുപോലെ യാത്രചോദിച്ച അവസരത്തിൽ പ്യാരിലാലിനെക്കൂടെ ഊണിന്ന് ഞാൻ വീട്ടിലേക്ക കൂട്ടിക്കൊണ്ടു പോകുന്നു എന്നു പറഞ്ഞു. അതു സന്തോഷം തന്നെ പക്ഷെ എന്നെ ഒരിക്കലും ക്ഷണിക്കാത്തതെന്ത് എന്ന് അദ്ദേഹം ചോദിച്ചിട്ട് ഹൃദയംഗമമായി ഒന്നു ചിരിച്ചു.

ആ ഘാതകൻ ഒരു മറയനാണ്. ഒരു ഭയങ്കര വിഡ്ഢി. ഈ കൊലപാതകം അയാൾ സ്വമേധയാ ചെയ്തിട്ടുള്ളതല്ല. മററു പല ആപല്ക്കാരികളായ മറയന്മാരുടെ പിൻതുണ അയാൾക്കുണ്ടായിരുന്നു.

ഏതു വിധമായാലും പ്രതികാരം ശരിയല്ല. പ്രതികാരം ചെയ്യുന്നതുകൊണ്ട് ബാപ്പു പുനർജ്ജീവിക്കുമോ? ബാപ്പുവിന്റെ ദേഹരക്ഷക്ക മുൻകരുതൽ ചെയ്തിരുന്നില്ലയെന്നു പറയുന്നതും ശരിയല്ല. 78 വയസ്സായ അവിടത്തേക്ക് ദൈവമല്ലാതെ വേറെ ആരാണ് തുണ.

—

(14-ാം പേജിൽനിന്നും തുടർച്ച)

ൻ, കലക്കട്ടി, മീറ (മൂറ്), കന്തുരുക്കം, കുങ്കുമം, വയമ്പ്, ഇലവർങ്ങം (ലവങ്ഗം) മുതലായി പൌരസ്ത്യങ്ങളായ പല വസ്തുക്കളും ഇതിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇക്കവിതയുടെ അന്തരീക്ഷംപോലും പൌരസ്ത്യമാണെന്നുപറയാം. കഥാരങ്ഗവും കഥാപാത്രങ്ങളുമെല്ലാം പൌരസ്ത്യങ്ങളാണ്. അതുകൊണ്ട് ഇതിനെ നിരൂപണം ചെയ്യേണ്ടതു് ഒരു പൌരസ്ത്യന്റെ ആശയഗതിയെ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ടായിരിക്കണം.. പാശ്ചാത്യന്നു സുലഭമല്ലാത്ത പല ആശയങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്.

ഒന്നാമതായി, സദൃശാശയകല്പനം പൌരസ്ത്യന്റെ ആശയപ്രകാശന രീതികളിൽ ഒന്നാണ്. ഭാരതീയരുടെ രൂപകാതിശയോക്തി, അപ്രസ്തുതപ്രശംസ, സമാസോക്തി മുതലായ അലങ്കാരങ്ങൾ തന്നെയും സദൃശാശയ കല്പനയിലല്ലേ അടിയുറച്ചുനില്ക്കുന്നതു്? "തേളുതുച്ഛമൊരു കീടകം" എന്നുതുടങ്ങുന്ന ശ്ലോകത്തിൽ, പ്രസ്തുതമായ തേളിന്റെ വർണ്ണനകൊണ്ട് അപ്രസ്തുതമായ ദുഷ്ടന്റെ പ്രവൃത്തി എന്ന സാമാനാശയത്തെയല്ലേ കവി പ്രതിപാദിക്കുന്നതു്? ഇതേ ആശയ പ്രകാശനരീതി എബ്രായ സാഹിത്യത്തിലും സാധാരണമായിരുന്നു എന്ന് ബൈബിൾകൊണ്ടു തന്നെ സമർത്ഥിക്കാം. ക്രിസ്തുയേശുവിന്റെ ഉപമകളിൽനിന്നു സാമാനാശയ സ്വീകരണമല്ല നാം നിർവഹിക്കേണ്ടതെങ്കിൽ, അവ ഭ്രാന്തന്റെ ജല്പനങ്ങൾപോലെ നിരർത്ഥകങ്ങളല്ലേ? ജീവനുള്ള വെള്ളത്തിന്റെ ഉറവ, ഒഴിച്ച തൈലം, ആട്ടിൻകൂട്ടത്തെ നടത്തുന്ന ഇടയൻ—എന്നീ വേദപദസമുച്ചയത്തിന്റെ സ്ഥിതി അതുതന്നെ. ചുരുക്കത്തിൽ സ്ഥൂലാർത്ഥത്തെക്കാൾ സൂക്ഷ്മാർത്ഥത്തിനു പ്രാധാന്യം നല്കുക എന്നതു ഭാഷാപ്രയോഗത്തിൽ പലേടത്തും അത്യാവശ്യകമാണ്. അതുകൊണ്ടു തന്നെയാകുന്നു ഉൽപ്പത്തി ഒന്നാമദ്ധ്യായത്തിൽ പുനർജ്ജനനത്തിന്റെ പ്രതിരൂപമായ പ്രപഞ്ചസൃഷ്ടിയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു എന്നു ചില പണ്ഡിതന്മാർ വിശ്വസിക്കുന്നതും. അതുകൊണ്ട്, ഉത്തമ ഗീതത്തിനും സൂക്ഷ്മാർത്ഥം നല്കുന്നതു എബ്രായരുടെ ആശയഗതിക്കു വിപരീതമല്ല എന്നു തെളിയുന്നു.

രണ്ടാമതായി, സ്ത്രീപുരുഷ ബന്ധംകൊണ്ടു. ഭക്തനും ഈശ്വരനും തമ്മിലുള്ള ബന്ധം എന്ന സമാനാശയത്തെ വ്യഞ്ജിപ്പിക്കാമോ എന്നാണ് ആലോചിക്കേണ്ടതു്. ഇതും ഒരു പൌരസ്ത്യാശയമാകുന്നു. ഭക്തനും ഈശ്വരനും തമ്മിലുള്ള ബന്ധത്തിന്റെ അത്യുത്തമമായ ബിംബ (Symbol) മത്രേ സ്ത്രീപുംഭാവം എന്നു പൌരസ്ത്യർ വിശ്വസിച്ചിരുന്നു; വിശ്വസിക്കുകയും ചെയ്യുന്നു. ഈശ്വരനെപ്പറ്റി മനുഷ്യനുള്ള ദർശനങ്ങൾ വിവിധങ്ങളാണ്. ഈശ്വരനെ ദാർശനികന്മാരിൽ ചിലർ രാജാവായും ചിലർ സ്വാമിയായും, ചിലർ ഗുരുവായും, ചിലർ പിതാവായും കാണുന്നുണ്ട്. എന്നാൽ പൌരസ്ത്യനായ ഒരു ഭക്തൻ ഈശ്വരനെ പ്രിയതമൻ എന്ന നിലയിലാണു കാണുന്നതു്. ഈശ്വരനിലുള്ള ഉത്കൃഷ്ടമായ അനുരാഗം (ഭക്തിഃപരാനുരക്തിരീശ്വരേ) എന്നിങ്ങനെ ഭക്തിശബ്ദത്തിനു ശാണ്ഡില്യമഹർഷി നിർവചനം കല്പിക്കുന്നതുതന്നെ ഈ ദർശനം കൊണ്ടാകുന്നു. പൌരസ്ത്യമായ ഈ ആശയ വിശേഷത്തിനു ഹിന്ദുമതത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുണ്ട്. കൃഷ്ണന്റെ വൃന്ദാവന പ്രണയത്തെ ഇങ്ങനെയാണു വ്യാഖ്യാനിച്ചിരിക്കുന്നതും.


"ഇദം വൃന്ദാവനം വിദ്ധിമാം വിദ്ധി മധുസൂദനം!
ആത്മാനം രാധികാം വിദ്ധി വിഹരസ്വയഥാസുഖം"

എന്ന ശ്ലോകം നോക്കുക. സൂഫി കവിതകളിലും ഇതേ ആശയംതന്നെയാണ്· ഉത്തമഗീതത്തിന്റെയും ജീവചൈതന്യം. പ്രീയതമനെ ഈശ്വരന്റെ ബിംബമായും പ്രിയതമയെ ഭക്തസമവായത്തിന്റെ ബിംബമായും എബ്രായ ജാതിക്കാർ സ്വീകരിച്ചിരുന്നു. എഫേസ്യ അഞ്ചാമദ്ധ്യായത്തിൽ 2 ഭക്തസമവായവും ഈശ്വരനും തമ്മിലുള്ള ബന്ധത്തെയും പറ്റി യാതൊരു സംശയത്തിനും ഇടകൊടുക്കാത്ത മട്ടിലല്ലേ പ്രതിപാദിച്ചിരിക്കുന്നതു്? പഴയ നിയമഗ്രന്ഥങ്ങളിൽ, ഭക്തനും ഈശ്വരനും തമ്മിലുള്ള ഭാര്യാബന്ധത്തെപ്പറ്റിപ്പറയുന്ന അനേകം ഭാഗങ്ങൾ ഉദ്ധരിക്കുവാൻ കഴിയും. ഇങ്ങനെ എബ്രായ കവികൾക്കും മറ്റു പൌരസ്ത്യ കവികൾക്കെന്നപോലെ ഉണ്ടായിരുന്ന ഈ ദർശനത്തിന്റെ പരിപോഷണമാണ് ഉത്തമ ഗീതത്തിൽ കാണുന്നതെന്നു പറയാം.

മൂന്നാമതായി, വർണ്ണ വസ്തുവിനെ വിവരിക്കുന്നതോടുകൂടി സന്ദർഭാനുഗുണങ്ങളെയും സഹൃദയ ഹൃദയത്തിന് പ്രയോജനകരങ്ങളുമായ പല ആശയങ്ങളെയും വ്യഞ്ജിപ്പിക്കുക എന്നതു് പൌരസ്ത്യ കവികളുടെ ഒരു പ്രത്യേകതയാണ്. "സ്ഥിതാഃക്ഷണം പക്ഷ്മസു" എന്നു തുടങ്ങുന്ന കുമാരസംഭവ ശ്ലോകത്തിൽ, പാർവ്വതിയുടെ ദേഹത്തു പതിച്ച പ്രഥമ ജലബിന്ദുക്കളുടെ സഞ്ചാര ക്രമത്തെ വർണ്ണിക്കുവാനാണ് കവി ശ്രമിക്കുന്നതു്. ഈ ശ്രമത്തിൽ കവി പൂർണ്ണവിജയം നേടുന്നു; അതോടുകൂടി, പാർവതിയുടെ അഭൗമമായ ആകാരസുഷമയേയും, ശ്രുതിസ്മൃതികൾക്കനുസരണമായ അവളുടെ സമാധിനിഷ്ഠയേയുംകൂടി ധ്വനിപ്പിക്കുന്നു. വെള്ളത്തുള്ളികളുടെ ഗതിക്രമം മാത്രമേ സഹൃദയനു അറിയേണ്ടതായുള്ളു എന്ന് ആരും

അഭിപ്രായപ്പെടാറില്ലല്ലോ. തദനുസരണം, ധ്വനിയിൽ ഉയിരെടുക്കുന്ന ആശയ പ്രകാണ്ഡത്തിൽ ലയിച്ചു കാവ്യപരിശീലന വ്യഗ്രമായ ഹൃദയം ആനന്ദമായിത്തീരുന്നുവല്ലോ. ഉത്തമ ഗീതത്തിന്റെ സ്ഥിതിയും ഇതുതന്നെ. ലൗകികമായ ദാമ്പത്യബന്ധത്തിന്റെ അവാച്യമായ മഹനീയത ഉത്തമ ഗീതാകാരൻ സ്ഥൂലാൎത്ഥത്തിൽ ചിത്രീകരിക്കുന്നു എന്ന് സമ്മതിക്കാം. ആ ചിത്രീകരണം മനുഷ്യസമുദായത്തിന് വേർവഴികാട്ടിക്കൊടുക്കുന്ന ഒരു പരമോജ്ജ്വലതാരമായി പരിലസിക്കുന്നു എന്നതിലും പക്ഷാന്തരത്തിന് അവകാശമില്ല. എന്നാൽ അതിൽനിന്ന് ഒരു സൂക്ഷ്മാൎത്ഥത്തിന്റെ ബോധം ഭക്തിയുടെ ലഹരിപിടിച്ച അനുവാചകനുണ്ടാവുമെങ്കിൽ അതു് അനുചിതമെന്നുവച്ചു് ഉപേക്ഷിച്ചുകളയുന്നതെന്തിന്? ഈ സൂക്ഷ്മാൎത്ഥം,, അഥവാ യോഗാത്മകാശയം, ഉത്തമ ഗീതത്തിൽ സർവത്ര പ്രസ്ഫുടമാക്കിക്കൊണ്ടു് പാശ്ചാത്യരും പൗരസ്ത്യരുമായ പല പണ്ഡിതന്മാരും വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ടു്.

പ്രകൃതി ഒരു യോഗാത്മക കാവ്യമല്ല എന്നു വാദിക്കുന്നവർ പോലും കാവ്യമെന്ന നിലയിൽ ഇതിനുള്ള ഔത്കൃഷ്ട്യം അനുപമമാണെന്നു സമ്മതിക്കുന്നുണ്ടു്. ഇതു് ബൈബിളിലെ മററു ഗ്രന്ഥങ്ങളെന്നപോലെ തന്നെ ദൈവനിശ്വസ്തമാണെന്നു വിശ്വസിക്കാത്ത വേദവ്യാഖ്യാതാക്കളില്ല ഇത്രമാത്രം ഉത്തമമായ ഉത്തമ ഗീതത്തിൽ പൂർവാപരവൈരുദ്ധ്യം കടന്നു കൂടുകയില്ലെന്നു നാം വിശ്വസിക്കുന്നു. നാലാമദ്ധ്യായത്തിന്റെ പലഭാഗങ്ങളിലും നായകൻ നായികയെ സഹോദരിയെന്നും തൊട്ടടുത്തു കാന്തയെന്നും അഭിസംബോധനം ചെയ്യുന്നുണ്ടു്. അതിസൂക്ഷ്മങ്ങളായ എല്ലാ അംശങ്ങളിലും ഒരു പോലെ ഔചിത്യം ദീക്ഷിച്ചിട്ടുള്ള ഉത്തമ ഗീതകാരൻ ഈ ഭാഗത്തു വഴി പിഴച്ചു പോയി എന്നു സഹൃദയന്മാരും സമ്മതിക്കയില്ല. ഈ ഭാഗം അബദ്ധസങ്കുലമാണെന്നു ക്രൈസ്തവഭക്തന്മാർ സ്വപ്നം കാണുകപോലുമില്ല. പിന്നെങ്ങനെയാണു് ഈ പൂർവാപരവൈരുദ്ധ്യത്തിനു സമാധാനം കണ്ടു പിടിക്കുക? ലൗകികപ്രേമമാണു് പ്രതിപാദ്യമെങ്കിൽ താൻ വിവാഹം ചെയ്യുവാൻ പോകുന്ന നായികയെ നായകൻ സോദരിയെന്നു് അഭിസംബോധനം ചെയ്യുമെന്നു് ആൎക്കു വിചാരിക്കുവാൻ കഴിയും? ഭക്തസമവായമാണു നായികയെങ്കിൽ, നായകൻ സഹോദരിയെന്നോ കാന്തയെന്നോ വിളിക്കുന്നതിൽ അസാംഗത്യമില്ല. അറിഞ്ഞു കൊണ്ടു തന്നെയായിരിക്കണം കവി 'സഹോദരി' എന്ന പദം പ്രയോഗിച്ചതും. പുരാതനങ്ങളായ ഈജിപ്ഷ്യൻ ഗ്രാമീണഗാനങ്ങളിൽ മണവാട്ടിയെ സഹോദരി എന്നു വിളിക്കാറുണ്ടെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇതു ശരിയാണെന്നു വന്നാലും, സംസ്കാരം കൊണ്ടും ആചാരരീതി കൊണ്ടും ഈജിപ്തുകാരിൽ നിന്നും തുലോം




നിത്യവൃത്തിക്കു വേണ്ടിയാണു് ഇവരുടെ ഈ കഠിനാദ്ധ്വാനം.
കൊച്ചിത്തുറമുഖത്തിന്റെ ഒരു ഭാഗമാണു് ചിത്രത്തിൽ കാണുന്നതു്.



കൊച്ചിൻ ഹാർബറിന്റെ വേറൊരുഭാഗം.

വിഭിന്നരായിരുന്ന എബ്രായർ 'സഹോദരി' എന്ന പദം 'കാന്ത' എന്ന ശബ്ദത്തിനു പകരമായി ഉപയോഗിച്ചിരുന്നു എന്നതിന് യാതൊരു തെളിവുമില്ലാത്തതു കൊണ്ടു് ഈ വ്യാഖ്യാനം സ്വീകാര്യമായി തോന്നുന്നില്ല. കൂടാതെ 'കാന്ത'യ്ക്കു പകരമായി 'സഹോദരി' എന്ന പദം എബ്രായരുടെ ഗ്രാമീണ ഗാനങ്ങളിൽ പോലും—ഉപയോഗിക്കപ്പെട്ടുന്നില്ലെന്നുള്ളതും, ഉത്തമ ഗീതം ഒരു യോഗാത്മക കവിതയാണെന്നു സ്ഥാപിക്കുവാൻ പോരുന്നതാണ്.

സംസ്കൃത സാഹിത്യത്തിലെ "ഗീതഗോവിന്ദം" പലകാര്യങ്ങളിലും ഉത്തമ ഗീതത്തോടു സാമ്യം വഹിക്കുന്നു. രണ്ടും വളരെ ചെറിയ ഗ്രന്ഥങ്ങളാണ്. രണ്ടും നാടകീയ കാവ്യങ്ങളുമത്രെ. ഗാനങ്ങൾ കൊണ്ടു രണ്ടിലേയും കഥാപാത്രങ്ങൾ സംഭാഷണം നിർവഹിക്കുന്നു. ഭക്തനും ഈശ്വരനും തമ്മിലുള്ള ബന്ധമാണ് അവയുടെ പ്രമേയം. ഉത്തമ ഗീതത്തിൽ ദാമ്പത്യബന്ധവും, ഗീതഗോവിന്ദത്തിൽ കാമുകീകാമുക ഭാവവും ഭക്തനും ഈശ്വരനും തമ്മിലുള്ള ബന്ധത്തിന്റെ ബിംബമായി നിലകൊള്ളുന്നു. വിശ്വസാഹിത്യത്തിലെ അത്യുത്തമങ്ങളായ രണ്ടു് യോഗാത്മക കാവ്യങ്ങളാണവ.

## COCHIN MARKET REPORT.

13-2-48.

| | | |
|---|---|---|
| Cocoanut Oil..........per cdy. | Rs. | 350 |
| Cocoanut for 1000 | ... | 119 |
| Pepper Garbled 1 per cwt. | ... | 129 |
| Ginger Unbleached per cdy. | ... | 210 |
| Turmeric | ... | 240 |
| Coir yarn—Allappat | .... | 350 |
| ,, Anjengo Special | ... | 355 |
| ,, ,, Superior | ... | 330 |
| ,, ,, Ordinary | ... | 305 |
| ,, Aratory Special | ... | 320 |
| ,, ,, Superior | ... | 280 |
| ,, ,, Ordinary | ... | 260 |
| Coir Rope Superior | ... | 155 |
| Coir Yarn-Fine Weaving - | ... | 260 |
| ,, Superior | ... | 225 |
| ,, Ordinary | ... | 170 |

ചെറുകഥ.

# ഒരു പാഠം

( ചിങ്ങമ്പറമ്പിൽ തോമ്മസ് ജോസഫ്, ബി. ഏ; എൽ. ററി. )

ഡോക്ടർ ശചീന്ദ്രൻ തല ചൊറിഞ്ഞു കൊണ്ടു പറഞ്ഞു, "എനിക്കിതു മനസ്സിലാകുന്നില്ലല്ലോ. ഇതെന്തൊരു രോഗം? ആ പെൺ കുട്ടിയ്ക്കു ശാരീരികമായ യാതോരസ്വാസ്ഥതയുമില്ലെന്നുള്ളതു തീച്ചയാണ്. എന്റെ അഭിപ്രായം ഇതെന്തോ മാനസീക വൈഷമ്യമായിരിക്കണമെന്നാണ്. അതിന് ഒരു നഴ്സിനെ നിയമിച്ചാലെന്താണ് ഫലം? പിന്നെ അവൾക്കു നിർബ്ബന്ധമാണെങ്കിൽ.........

* * * * * *

സുനന്ദ ആസ്പത്രിയിലേക്കു പോയപ്പോൾ രാധ അവളുടെ മുറിയിൽ തനിച്ചായി. പരിചാരികയുടെ രാവിലത്തെ മുള്ളുവാക്കുകൾ അവളുടെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. എന്താണ് അവർ പറഞ്ഞതു്? "കള്ള സുഖക്കേട്, ശേഷമുള്ളവരെ കഷ്ടപ്പെടുത്തുന്നതിനുള്ള കള്ള സുഖക്കേട്" അവൾ വിചാരിച്ചു—"ഈ വേലക്കാരിയുടെ ക്രൂരില്ലായ്മ കൊണ്ടു ചേച്ചി എന്നെ പ്രതി നന്നെ ബുദ്ധിമുട്ടുന്നു. ആപ്പീസു ജോലി മുടങ്ങിയിട്ടുതന്നെ ദിവസങ്ങളെത്രയായി? ഇന്നിപ്പോഴിതാ ആസ്പത്രിയിലേക്കു പോയിരിക്കുന്നു. എനിയ്ക്കൊരു മരുന്നും വേണ്ടാ; മന്ത്രവും വേണ്ടാ. മനുഷ്യത്വമുള്ള ഒരു പരിചാരികയെ കിട്ടിയിരുന്നെങ്കിൽ മതിയായിരുന്നു.........ഞാൻ ആറ്റുറ്റാദചിത്തയായി എണീററിരുന്നാൽ എനിയ്ക്കെല്ലാം സുഖമാകുമെന്നല്ലേ ചേച്ചി പറയുന്നതു്. ഹാ! ചേച്ചി എന്തറിയുന്നു? വാത്സല്യം തുളുമ്പുന്ന ആ ഹൃദയത്തിന് എന്നെയോർത്തു വളരെ ഉൽക്കണ്ഠയുണ്ട്. എനിയ്ക്കു തലവേദനയുണ്ടോ പനിയുണ്ടോ എന്നെല്ലാം ചേച്ചി അന്വേഷിക്കുന്നു. ദൈവമേ, എന്റെ ഹൃദയ വേദന അറിയുവാൻ ആരാണുള്ളതു്? ഞാൻ സന്തുഷ്ടയായിരിക്കണം പോലും! ആ സുദിനങ്ങൾ എന്നേ അസ്തമിച്ചു. ഞങ്ങൾ തമ്മിൽ പിരിഞ്ഞിട്ട് ഇന്ന് ഒരു വഷം തികയുന്നു. കഴിഞ്ഞ ദീപാവലി ദിവസമാണ് ഞാനദ്ദേഹത്തെ അവസാനമായി കണ്ടതു്. അന്ന് അദ്ദേഹമെന്റെ തലയിൽ ചാത്തിയ പൂമാല! അതിന്റെ സൌരഭ്യം ഇപ്പോഴും എന്റെ നാസാരന്ധ്രങ്ങളിൽ തങ്ങി നില്ക്കുന്നു! ഈ ഒരു കൊല്ലം മുഴവനും ഞാനതെല്ലാം വിസ്മരിപ്പാൻ ശ്രമിക്കുകയായിരുന്നു. ഫലമോ? ആ മധുര സ്മരണകൾ തന്നെ സദാ എന്റെ ഹൃദയത്തിൽ തിളച്ചു തിളച്ചുയരുന്നു. അതെന്നെ നീററുന്നു. ഞാൻ ഈ നിലയിലുമായി. ഇനിയും ഞാൻ സന്തുഷ്ടയായിരിക്കണമെന്ന്———. അദ്ദേഹത്തെ കൂടാതെ ജീവിക്കാൻ———!!

രാധയുടെ വിചാര ഗതി ഇത്രയുമായപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു. ശരീരത്തിന്റെ ചൂടു ക്രമാധികമായി. അവൾ കിടക്കയിൽ കിടന്ന് അസ്വാസ്ഥയായി അങ്ങോട്ടുമിങ്ങോട്ടും ഉരുണ്ടു.

## II

പിറേറ ദിവസം പ്രഭാതത്തിൽ രാധ ഉണന്നപ്പോൾ അവളുടെ മുറിയിൽ ആകപ്പാടെ ഒരു വ്യത്യാസം കണ്ടു. പതിവില്ലാതെ ആരോ തന്റെ മുടി ചീകി ഒതുക്കിയതായും മുഖം കഴുകി തുടച്ചതായും അവൾക്കു തോന്നി. അവളുടെ കിടക്കയ്ക്കു സമീപം ഒരു ചെറിയ വട്ടമേശയിൽ വായ് ശുദ്ധിയാക്കുന്നതിനുള്ള ചൂടുവെള്ളവും അതിസുരഭിലമായ ഒരു പുഷ്പമഞ്ജരിയും ഇരിപ്പുണ്ടായിരുന്നു. ആ പൂക്കളിൽ നിന്നു പ്രസരിച്ചു കൊണ്ടിരുന്ന പരിമളം ഏതോ പൂർവ്വസ്മരണകളിലേക്കു അവളുടെ മനസ്സിനെ പായിച്ചു. താൻ മുൻപു കിടന്നിരുന്നിടം തന്നെയോ എന്നു സംശയിക്കത്തക്കവണ്ണം ആ മുറി വളരെ വെടിപ്പായും ക്രമീകൃതമായും അവൾ കണ്ടു. എങ്കിലും ആ പൂക്കളിൽ നിന്ന് അവിടെങ്ങും പാറിയ സൌരഭ്യം അവളെ വല്ലാതെ വീപ്പു മുട്ടിച്ചു. അവ എടുത്തു വെളിയിലേക്കെറിയുവാനായി അവൾ കിടക്കയിൽ നിന്നു പിടഞ്ഞെഴുന്നേററപ്പോൾ "രാധേ എന്തുവേണം?" എന്നു സ്നേഹാർദ്രമായ സ്വരത്തിൽ ചോദിച്ചു കൊണ്ടു അപരിചിതയായ ഒരു വൃദ്ധ തിടുക്കത്തിൽ അവളുടെ സമീപത്തേക്കു നടന്നു വന്നു, രാധ അല്പനേരം അവരുടെ മുഖത്തേക്കുതന്നെ സൂക്ഷിച്ചു നോക്കിയിട്ട് "നിങ്ങളാണോ എന്റെ പുതിയ പരിചാരിക" എന്നു ക്ഷീണ സ്വരത്തിൽ ചോദിച്ചു.

"അതെ ഞാൻ തന്നെ"

ഈ പൂക്കൾ നിങ്ങൾക്കു എങ്ങിനെ കിട്ടിയെന്നു പറയുമോ? "അതു ഒരു പൂക്കച്ചവടക്കാരനോടു ഞാൻ വന്നവഴി വാങ്ങിയതാണ്. എന്താ രാധയ്ക്കു പൂക്കൾ ഇഷ്ടമല്ലേ"

"എനിക്കിഷ്ടമായിരുന്നു. പക്ഷെ, ഇപ്പോൾ എനിക്ക് ഒന്നിനോടുമിഷ്ടമില്ലെന്നു പറയണം"

"ഛേ! കഷ്ടം, രാധയെപ്പോലുള്ള ഒരു പെൺകുട്ടി അങ്ങനെ പറയരുത്" എന്നു പറഞ്ഞുകൊണ്ട് ആ സ്ത്രീ അവരുടെ കുട്ടിക്കാലത്തെ കാര്യങ്ങളോരോന്നും പറഞ്ഞു തുടങ്ങി അവൾക്ക് പൂക്കളിൽ എത്രമാത്രം കൌതുകമായിരുന്നെന്നും അവയെ പറിക്കുന്നതിനുവേണ്ടി പച്ചിലക്കോട്ടകൾ തോറും എത്ര ബദ്ധപ്പെട്ടു ഓടി നടക്കുമായിരുന്നെന്നുമൊക്കെ അവർ വിസ്തരിച്ചു. രാധയ്ക്കു വളരെ രസം തോന്നി. അവർ വളരെ ലോകപരിചയമുള്ള ഒരു സ്ത്രീയാണെന്ന് അവരുടെ സംസാരം വ്യക്തമാക്കി. രാധയ്ക്കു അവരോട് എന്തെന്നില്ലാത്ത സ്നേഹ ബഹുമാനങ്ങൾ തോന്നി ഒരു പരിചാരികയോടെന്നതിനേക്കാൾ അമ്മയോടോ ജ്യേഷ്ഠസഹോദരിയോടോ എന്നപോലെ രാധ അവരോടു പെരുമാറിത്തുടങ്ങി. ഓരോ ദിവസം കഴിയുന്തോറും അവരുടെ സ്നേഹബന്ധം സുദൃഢമായിത്തീർന്നുകൊണ്ടേ ഇരുന്നു.

## III

ഒരു സായാഹ്നത്തിൽ രാധ അവളുടെ മുറിയിൽ ഏതോ ഒരു ചിത്രം വരച്ചുകൊണ്ടിരിക്കയായിരുന്നു. വളരെ നാളായി ചിത്രവേല ചെയ്യാതിരുന്നതുകൊണ്ടോ എന്തോ അവൾക്ക് അന്ന് അതിലൊരു കൌതുകം തോന്നി. പെട്ടെന്ന് സുനന്ദ ആ മുറിയിലേക്കു കയറിവന്നു.

"രാധെ! ഈശ്വരൻ നമ്മെ അനുഗ്രഹിച്ചു. നിനക്കു പൂർണ്ണ സുഖമായല്ലൊ. ഇന്നു നമുക്കൊരുമിച്ചുവേണം ഉണ്ണാൻ. ഹാ! എത്ര നാളായി നാം ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചിട്ട്?"

"വീണ്ടും ആ പഴയ ജീവിതം" രാധ പിറുപിറുത്തു. അവളുടെ മുഖം വാടി. അവൾ നെടുതായൊന്നു നിശ്വസിക്കമാത്രം ചെയ്തു. സുനന്ദ തുടർന്നു. "കുഞ്ഞേ, അടുത്ത വാരത്തിൽ നമുക്കു ധർമ്മപുരിയിലേയ്ക്കു പോകണം. അവിടത്തെ താമസം ഒരു പക്ഷെ നിനക്ക് ആരോഗ്യകരമായിരിയ്ക്കും." രാധയുടെ ശുശ്രൂഷകയും അതിനോടനുകൂലിച്ചു. രാധ ഒന്നും പറഞ്ഞില്ല. അവൾ ആ കടലാസിൽ ഓരോന്നു കുത്തിവരച്ചുകൊണ്ടിരുന്നു.

സുനന്ദപോയിക്കഴിഞ്ഞപ്പോൾ രാധ അവളുടെ പരിചാരികയോടു അവരും ധർമ്മപുരിയ്ക്കു പോകുന്നതിനെ അനുകൂലിച്ചതിൽ വളരെ പരിഭവിച്ചു പറഞ്ഞു.— "ലാളീ, ഇത്രയും ദിവസങ്ങൾ ഈ നിർഭാഗ്യ ജീവിച്ചിരുന്നതു ലാളിയുടെ വാത്സല്യപൂർവ്വമായ പരിചരണംകൊണ്ടും ഹൃദ്യമായ പെരുമാററംകൊണ്ടും മാത്രമാണ്. ലാളിയുടെകൂടെ ഈ മുറിയിൽ ഇരിക്കാൻ ഞാൻ ആശിയ്ക്കുന്നുണ്ട്. പക്ഷെ ഇവിടെനിന്നു വെളിയിലേക്ക്—ലോകരംഗത്തിലേക്ക്—ഇറങ്ങാൻ ഞാൻ ലേശവും ആഗ്രഹിക്കുന്നില്ല. ചേച്ചിയും ലാളിയും പറയുന്നു, ഞാൻ സ്ഥലം മാറിത്താമസിച്ചു ആരോഗ്യം വീണ്ടെടുക്കണമെന്ന്! എനിക്കെന്തിന് ആരോഗ്യം? എനിക്കെന്തിനു ജീവിതം? ഹാ, നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ!!"

"കുഞ്ഞേ എല്ലാം എന്നോടു പറയൂ" അവർ നിർബ്ബന്ധിച്ചു. നിരുദ്ദേശ്യമായി രാധ വെളിയിലേക്കു നോക്കിക്കൊണ്ടിരുന്നതല്ലാതെ ഒന്നും സംസാരിച്ചില്ല. അവളുടെ കണ്ണുകൾ നിറഞ്ഞു; കപോലങ്ങൾ തുടുത്തു. നേരം സന്ധ്യയായിരുന്നു. ആ മാളികയ്ക്കു ചുററുമുണ്ടായിരുന്ന മലർത്തോപ്പിന്റെ നെടുവീർപ്പെന്നോണം ഒരു തൈത്തെന്നൽ അവിടെയെങ്ങും വീശി. ഇളകി പറന്നുകൊണ്ടിരുന്ന രാധയുടെ കുന്തളങ്ങൾ വാത്സല്യപൂർവ്വം തടവി ഒതുക്കിയിട്ട്, വിളക്കു കൊളുത്തുന്നതിനായി പരിചാരിക എണീററു. രാധ അവരുടെ കൈയ്ക്കു കടന്നു പിടിച്ച് അവരെ അടുത്തിരിത്തിയിട്ടു പറഞ്ഞു. "ലാളീ, ഞാൻ പറയാം." ആകാംക്ഷയോടുകൂടി ആ സ്ത്രീ അവളുടെ മുഖത്തേക്കു നോക്കി. അവൾ തുടർന്നു.—

"ഒരു കൊല്ലം മുമ്പാണ് മദനനും ഞാനും പരിചിതരായത്. മദനൻ— മനോമോഹനനായ ആ യുവ കോമളന്റെ പരിചയം ആരാണ് ആഗ്രഹിക്കാത്തത്? ഞങ്ങളുടെ പരിചയം പടിപടിയായി വളർന്നു മറെറന്തോ ആയി കലാശിച്ചു. അദ്ദേഹത്തെ കാണാതെ ഒരു ദിവസവും ഉറക്കം വരില്ലെന്നായി എനിയ്ക്ക്. എന്തിന് മദനൻ എന്റേതും ഞാൻ അദ്ദേഹത്തിന്റേതും ആണെന്നു ഞങ്ങൾ നിശ്ചയിച്ചു—അതെ ഞങ്ങൾ വിവാഹ നിശ്ചയം ചെയ്തു.

"മദനന്റെ മാതാവിനെ ഞാനൊരിക്കലും കണ്ടിട്ടില്ല. എനിക്കവരെ കാണണമെന്ന് ആഗ്രഹവുമില്ലായിരുന്നു. എങ്കിലും മദനന്റെ സംസാരം എപ്പോഴും അവരെപ്പററിയായിരുന്നു. എന്തുപറഞ്ഞാലും അമ്മയെക്കുറിച്ച് അതിലൊരു സൂചന കാണും. എത്രനേരം വേണമെങ്കിലും അമ്മയുടെ ഗുണഗണങ്ങൾ പ്രകീർത്തിക്കും. അദ്ദേഹത്തിന്റെ മനസ്സിനെ ഇത്രകണ്ടു കവർന്ന ആ സ്ത്രീയുടെപേരിൽ എനിക്കെന്തെന്നില്ലാത്ത അസൂയ തോന്നി. അവരുടെ കാര്യം എനിയ്ക്കു കേൾക്കരുതെന്നായി. ഒരു ദിവസം മദനൻ അദ്ദേഹത്തിന്റെ മാതാവുമായി പരിചയപ്പെടുവാൻ അവരുടെ ദിക്കിലേക്കെന്നെ ക്ഷണിച്ചു. ഞാനതു നിരസിച്ചു."

"അതു നന്നായിപ്പോയെന്നു രാധ വിചാരിയ്ക്കുന്നോ?" ആ വൃദ്ധ ഇടയ്ക്കുകയറി ചോദിച്ചു.

"അതത്ര ശരിയായില്ലെന്നു ഇപ്പോൾ എനിയ്ക്കു തോന്നുന്നു. ഞാൻ അതേപ്പററി പിന്നീടു വളരെ

ദുഃഖിച്ചു. പക്ഷെ മദനനെ ഞാൻ ഹൃദയപൂർവ്വം സ്നേഹിക്കുന്നെന്നു വിചാരിച്ച് ഞാൻ വെറുക്കുന്ന ആ സ്ത്രീയെ കാണണമെന്നുള്ള അദ്ദേഹത്തിൻെറ ആഗ്രഹത്തിനു ഞാൻ വഴിപ്പെടണമെന്നില്ലെന്നാണ് ഇപ്പോഴം എനിയ്ക്കു തോന്നുന്നതു്'"

"കുഞ്ഞേ, അതിൻെറ സാരം നീ നിന്നെത്തന്നെ കൂടുതലായി സ്നേഹിയ്ക്കുന്നെന്നാണ്. രാധെ! സ്വയ പരിത്യാഗമില്ലാത്തിടത്തു പരിശുദ്ധ സ്നേഹത്തിനു പഴുതില്ല."

വൃദ്ധയുടെ ഈ വാക്കുകൾ കുറിയ്ക്കുകൊണ്ടു. രാധ ചിന്താവശഗയായി തലകുനിച്ചു. അല്പനേരം കഴിഞ്ഞു് അവൾ നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു "ലാളി, അതെ, എൻെറ സ്വാത്ഥത—അതദ്ദേഹത്തെ എന്നിൽനിന്നകററി......................അവൾ ഏങ്ങിയേങ്ങി കരഞ്ഞു.

ലളിതാംബയ്ക്കു് അതധികനേരം കണ്ടുകൊണ്ടിരിയ്ക്കുന്നതിനു ശക്തിയില്ലായിരുന്നു. അവർ അവളെ ആശ്ലേഷിച്ചു നെറുകയിൽ ചുംബിച്ചിട്ടു് ഇടറിയ സ്വരത്തിൽ പറഞ്ഞു. "ഓമനെ നീ വെറുക്കുന്ന ആ സ്ത്രീ ഞാൻ തന്നെ ................." രാധ അത്ഭുതപരവശയായി അവരുടെ മുഖത്തേയ്ക്കു മിഴിച്ചു നോക്കി. എന്തു്? ലാളി മദനൻെറ മാതാവൊ?......

"അതെ ആ ഭാഗ്യവതി ഞാൻ തന്നെ." രാധ ആ ലളിതാംബയുടെ തോളിൽ തലചായിച്ചു. രാധ ഗൽഗദപൂർവ്വം പറഞ്ഞു.

"അമ്മെ, അവിടുന്നെന്നെ ഒരു പാഠം പഠിപ്പിച്ചിരിയ്ക്കുന്നു. ഈ സ്വാത്ഥയുടെ സർവാപരാധങ്ങളും ക്ഷമിക്കണേ!.........

# വാർത്താസംഗ്രഹം

**ജോഡ്പൂരിൽ ഉത്തരവാദഭരണം**

ജോഡ്പൂർ, ഫെബ്രു. 5

**ജോഡ്പൂരിൽ ഉത്തരവാദ ഭരണമേപ്പെടുത്തുവാൻ ജോഡ്പൂർ മഹാരാജാവു തീരുമാനിച്ചിരിക്കുന്നതായി ഒരു പ്രഖ്യാപനത്തിൽ പറയുന്നു. ഇടക്കാല മന്ത്രിസഭയും രൂപീകരിക്കുന്നതാണ്.**

സ്വ. ലേ. എറണാകുളം, മകരം 25

കൊച്ചിൻ പീപ്പിൾസ് കോൺഗ്രസിൻെറ ഇന്നലെ കൂടിയ വക്കിംഗ് കമ്മററി യോഗത്തിൽ വെച്ച് പ്രസിഡണ്ടായി മി. പുത്തേഴത്തു രാമൻ മേനോനെ തെരഞ്ഞെടുത്തിരിക്കുന്നു. കൊച്ചിൻ സ്റ്റെയിററു കോൺഗ്രസിൻെറ ഒരു യോഗം കൂടി സ്റ്റേററു കോൺഗ്രസ് പീപ്പിൾസ് കോൺഗ്രസിൽ ചേരണമെന്നനിശ്ചയം പാസ്സാക്കിയിരിക്കുന്നു.

**തിരുവിതാംകൂറിൽ തെരഞ്ഞെടുപ്പ് ഊജ്ജിതത്തിൽ നടക്കുന്നു.**

**സ്റ്റേററു കോൺഗ്രസ് സ്ഥാനാത്ഥികൾ ബഹുഭൂരിപക്ഷത്തോടെ ജയിക്കുന്നു.**

(വിവിധ സ്ഥലത്തു നിന്നുള്ള റിപ്പോർട്ടുകൾ.)

പത്തനാപുരം പൊതുനിയോജക മണ്ഡലത്തിൽ നിന്നു് സ്റ്റെയിററു കോൺഗ്രസ് സ്ഥാനാത്ഥിയായ മി. ടി. എം. വറുഗീസിന് 37717 വോട്ടുകളും കമ്യൂണിസ്റ്റ് സ്ഥാനാത്ഥി മി. പി. ററി. പുന്നൂസിന് 5689 വോട്ടുകളും ലഭിച്ചിരിക്കുന്നു. പത്തനാപുരം മുസ്ലിം റിസർവേഷനിൽ ലീഗുസ്ഥാനാത്ഥി മി. എം. എം. മുസ്തഫാക്ക് 34731-ം സ്വതന്ത്ര സ്ഥാനാത്ഥികളായ ഇബ്രാഹിം, മഹമ്മദ് ബഷീർ എന്നിവക്ക് യഥാക്രമം 69?7-ം, 276-ം വോട്ടുകൾ വീതമാണ് കിട്ടിയിരിക്കുന്നതു്.

# ചിരിയും ചിന്തയും

ഭത്താവു്:—"ഓമനേ! നീ വീട്ടിലേക്കു പോയതിനുശേഷം സ്വപ്നത്തിൽപോലും എനിക്ക് നിൻെറ വിചാരമേ ഉണ്ടായിരുന്നുള്ളു"

ഭാര്യ:— "അവിടത്തേക്കു് അപ്പോൾ എന്നോടും അത്രയ്ക്കേ സ്നേഹമുള്ളൂ. ശരിയായ സ്നേഹമുണ്ടായിരുന്നെങ്കിൽ ഉറക്കമേ വരികയില്ലല്ലോ."

x x x x

"ആരാണ് മിസ്റ്റർ! കരിംകുരങ്ങിനെപ്പോലെ ഒരുത്തൻ വീട്ടിലേയ്ക്കു വന്നു കയറിയതു്?"

"ആരുമില്ല എൻെറ അനുജനാണല്ലൊ വന്നതു്"

"ശരിയാണ്. ഛായകൊണ്ടു് ഞാൻ അങ്ങിനെ ഊഹിച്ചു."

x x x x

വൈദ്യൻ:— (മരുന്നു വാങ്ങാൻ വന്ന ആളിനോടു്) "പതിനഞ്ചു ദിവസമായി മരുന്നു കൊടുക്കുന്നല്ലോ. ഇപ്പോൾ എങ്ങനെ, സുഖമുണ്ടോ?"

വന്ന ആൾ:— ഉണ്ടു് ഉണ്ടു്. വളരെ സുഖമുണ്ടു്. മുൻപൊക്കെ എഴുനേററിരുന്നു് ഓരോ ശാഠ്യം പിടിച്ചു് കലശൽ കൂട്ടമായിരുന്നു. ഇപ്പോൾ ഏങ്ങ്ഹേ ചുമ്മാ. നീണ്ടുനിവന്നു് അനങ്ങാതങ്ങ് കിടന്നുകൊള്ളും."

x x x x

ഒന്നാമൻ:— നിങ്ങൾ ഒരു വലിയ സ്ഥാനാത്ഥിയായി ഞെളിഞ്ഞു നിന്നു് നമ്മുടെ നാടു്, നമ്മുടെ നാടു് എന്നു പ്രസംഗിക്കുന്നു. നാടിനുവേണ്ടി ഒരൊററ തുരുമ്പെങ്കിലും എടുത്തു് നിങ്ങൾ മാററിയിട്ടുണ്ടോ?"

സ്ഥാനാത്ഥി:— "കൊള്ളാം, തുരുമ്പോ! തരക്കേടില്ല. എത്ര കോൺഗ്രസ്സ് മീററിംഗുകളിൽ ചെന്നു് വലിയ കല്ല് ഞാൻ പെറുക്കി എറിഞ്ഞിരിക്കുന്നു".

# Press Note

*Cochin, 7th February 1948.*

An Extra-ordinary joint General Meeting of the Indian Chamber of Commerce, Cochin, Hill Produce Merchant's Association and Cochin Coir Merchant's Association held in the Chamber Hall, Mattancherry on Saturday 7th February 1948, evening, under the Presidentship of H. H. Kerala Varma Thampuran, Prince of Cochin, passed a resolution saying that "The business community of Mattancherry represented by the Indian Chamber of Commerce, Cochin Hill Produce Merchants. Association and Cochin Coir Merchant's Association grieve with the Nation in the sad, sudden and tragic demise of the Father of the Nation, Mahatma Gandhi, and pray the Almighty to rest His soul in eternal peace. They convey their heartfelt condolences to Pandit Jawharlal Nehru, the Prime Minister, Devadas Gandhi and the other members of the bereaved family and assure them that they would do their best to follow the ideals of the Mahatma."

## *Continuation* - Sales Tax and Cochin Trade

*By K. Bhagyanathan, M. A.. Secretary*

**INDIAN CHAMBER OF COMMERCE, COCHIN**

I have earlier referred to the crippling of Cochin Coir Trade because of Sales Tax Levy. I shall elaborate it further to show how badly the trade is hit; also I shall make an attempt to detail some of the 'gains' of the Government if the Tax is repealed. The arguments hold good for the other trades also.

The main trade in Coir Yarn is the export trade which can be classified under two groups, namely:—

i) export to foreign countries.

ii) export to Indian ports such as Calcutta, Karachi, Bombay &c. Coir Yarn for export to foreign countries is shipped in hydraulically pressed bales. Most of the European Firms in Br. Cochin have their own Hydraulic Presses, and they are the main exporters to foreign countries. That is how Br. Cochin has come to be the principal local market for Coir Yarn for foreign export.

Travancore and Cochin dealers sell yarn to these European Firms and the latter ship it in pressed bales after processing.

It is already well-known that production of Coir Yarn in Travancore is considerably greater than in Cochin. It follows therefore that a substantial proportion of the foreign export trade of Cochin is transacted between Travancore dealers on the one hand and Br. Cochin Firms on the other; Cochin Sales Tax does not affect them at all and the Cochin State Government do not get any revenue from sales tax from this trade.

The only section of this trade hit by the introduction of Sales Tax are the Cochin dealers selling to Br. Cochin Firms. After paying Sales Tax they are unable to sell in competition with Travancore dealers and are thus put out of business. Already many Cochin dealers have either closed down their business or established themselves in Alleppey — in either case a loss of revenue to Cochin State Government in the shape of Income Tax. Sales Tax on Coir Yarn therefore is a double-edged weapon, killing Cochin dealers on the one hand and depriving Cochin State Government of an important source of revenue, on the other.

In the preceding paragraphs I have dealt with the foreign export trade. I shall now deal with the export trade with Indian Ports and endeavour to prove that diminished revenue is derived by Cochin State Government from sales tax on this trade either.

This trade is in the hands of merchants domiciled in Cochin State, i. e. Mattancherry and Palluruthy. As in the case of foreign export trade, Travancore and Cochin dealers sell to these merchants and the latter ship it to Calcutta, Bombay, Karachi etc. The Yarn for Indian Ports

is shipped in bundles or ballots and not in pressed bales. A great proportion of this trade also is in Travancore yarn. As a result of the introduction of sales tax in Cochin, Travancore dealers have stopped selling to Cochin State merchants. Most of the Cochin State merchants therefore have opened offices in Travancore and conduct their business of buying and selling there, with the result that the revenue derived by Cochin Government from Income Tax from these merchants has now been lost to Travancore, not to mention the loss of employment to Cochin labour consequent upon this diversion of trade. Here again the Cochin State Government do not get any revenue from sales tax.

I think I have amply demonstrated that diminished revenue is derived by Cochin State Government from sales tax on a substantial portion of the coir yarn trade-on the other hand the introduction of sales tax actually deprives them of a very substantial revenue in the shape of Income Tax. Exemption of Coir Yarn from the operation of sales tax would therefore not only enable dealers and merchants established in Cochin State to carry on their trade in Cochin without let or hindrance, at the same time providing employment to a large section of labour, but would restore to Cochin State Government their loss of revenue from Income Tax.

I shall now detail the further advantages likely to accrue to Cochin State by the exemption of coir yarn from Sales Tax. In this connection the matter must be viewed in the light of the effect the Madras Sales Tax Act has on the export trade of Coir Yarn from Br. Cochin. The intention of Travancore and Cochin dealers to desist from selling to Firms in Br. Cochin on account of their being assessed to Madras Sales Tax, and to confine their activities to Travancore has been pointed out above. These firms would now be obliged to buy their yarn in Travancore, i. e. Alleppey.

Under the original Madras Sales Tax Act, cif sales were exempt from sales tax. Under the amended act cif sales have to pay sales tax. This would go against the trade of Br. Cochin Firms who, after paying sales tax would be unable to compete in the foreign markets with firms established in Alleppey, Travancore.

Being obliged to go to Alleppey to conduct their buying operations on account of the contingency referred to above, the obvious course that would suggest itself to these Br. Cochin Firms in order to compete successfully in the world's markets would be to conduct their selling operations also in Alleppey. In that case they would buy and sell in Alleppey and send the Yarn to their Cochin premises for processing, and shipping. In this way they could circumvent the operation of the Madras Sales Tax, without at the same time dislocating their existing premises and establishments in Br. Cochin. Under this arrangement they would of course have to pay Incom Tax to the Travancore Government but that would be at the expense of the Madras Government, and as the rate of Income Tax in Travancore is lower than in Madras, the new arrangement would suit the European Firms admirably. I however feel that the advantages to be derived by Travancore under the above arrangement would be Cochin's provided they place themselves in the same position as Travancore, so far as Sales Tax vis-a-vis Coir Yarn is concerned, by exempting that article from the operation of the Sales Tax. Any day the European Firms in Br. Cochin would prefer to conduct their trade in Cochin rather than in Travancore and the only incentive necessary to attract them to Cochin is the exemption of Coir Yarn from sales tax."

Summarised the position is that in imposing Sales Tax on Cochin Trade the Cochin State Government is grabbing at the shadow and losing the substance! In the circumstances described above, I earnestly believe that Cochin State Government would take early steps to rectify their present suicidal policy and issue orders forthwith exempting Cochin Trade in C. Oil Hill Produce and Coiryarn from the operation of the Cochin Sales Tax so long as there is no corresponding levy in the neighbouring State of Travancore.

---

# P. J. Tharakan & Sons

## Mattancherry, P. O.

## COCHIN.

★

COIR PRODUCTS

Manufacturers and Exporters of

**Coir Yarn, Coir Mats, Mattings, Mourzouck Carpets, Coir Ropes, Stencilled Rugs, Cricket Pitches, Coir filters for Oil Mills Etc.**

◆

TEA

O. P., B. O. P., Fannings renowned for fragrance and flavour.

◆

SPICES

**Garbled Black Pepper, Ginger, Turmeric Cardamom, Nutmegs, Cinnamon, Zenna leaves.**

●

***Our goods bear the hall mark of Quality***

Supplies made to any part of the world.

ENQUIRIES SOLICITED

# UDAYAM

The Anglo Vernacular Illustrated Weekly

**OF KERALA**

***Featuring:*** Art, Literature, Politics, Commerce, Agriculture, Cinema, Humour, Sports.

***Contributed by leading writers & Journalists.***

## The best Medium of Advertisement.

PROPAGATE YOUR BUSINESS THROUGH THE UDAYAM.

### Tariff

PER INSERTION

| | | | | |
|---|---|---|---|---|
| 4th Cover Page | ... | ... | Rs. | 150 |
| 2nd & 3rd Cover Page | ... | ... | ,, | 130 |
| Inside full Page | ... | ... | ,, | 110 |
| Inside half Page | ... | ... | ,, | 70 |

**FULL CHARGES OF ADVERTISEMENT ARE PAYABLE IN ADVANCE.**

For bookings please contact the

***Manager,* UDAYAM**

**P. J. THARAKAN & SONS,**

MARAKADAV, COCHIN.


"Printed and Published by P. J. Tharakan & Sons, Cochin from the Pearl Press, Cochin."